പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

## ആനുകാലിക റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT AS ON 31st MARCH 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

893/2021.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

## ആനുകാലിക റിപ്പോർട്ട്

**(2021 മാർച്ച് 31 വരെയുള്ളത്)**
**(PERIODICAL REPORT AS ON 31st MARCH 2021)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്**
**(Presented on 26th July, 2021)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI

## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

## ആനുകാലിക റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT AS ON 31st MARCH 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

893/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 52 |

# സബ്ജക്ട് കമ്മിറ്റി VI
## വിദ്യാഭ്യാസം (2021-2023)
### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ.ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ. ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2019 ജനുവരി 7-ന് രൂപീകൃതമായ 2019-2021 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ 2019-2021-ലെ സമിതിക്ക് ഈ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത സമിതിയിൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷനും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ [13-4-2021-ൽ മന്ത്രി സ്ഥാനം രാജി വച്ചു], ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളും സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, കെ. സി. ജോസഫ്, [2019 നവംബർ 4 വരെ, ബുള്ളറ്റിൻ നമ്പർ 767], എം. സി. കമറുദ്ദീൻ [2019 നവംബർ 4 മുതൽ, ബുള്ളറ്റിൻ നമ്പർ 768], ശ്രീ. പി. ജെ. ജോസഫ്, ആർ. രാജേഷ്, റ്റി. വി. രാജേഷ്, ഷാഫി പറമ്പിൽ എം. സ്വരാജ്, ഇ. ടി. ടൈസൺ മാസ്റ്റർ എന്നിവർ അംഗങ്ങളുമായിരുന്നു. പ്രസ്തുത കമ്മിറ്റി 3-5-2021-ൽ പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതുവരെ തുടരുകയുണ്ടായി.

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ സമിതി 5 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 1 യോഗം ബില്ലിന്റെ പരിഗണനയ്ക്കും 4 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനുമായി ഗൂഗിൾ മീറ്റ് മുഖേന ചേർന്നവയും ആയിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 44 ശതമാനമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ. |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ. |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ. |

| | | |
|---|---|---|
| അദ്ധ്യായം IV - | | നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ. |
| അദ്ധ്യായം V - | | നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ. |
| അദ്ധ്യായംVI - | (a) | 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം. |
| | (b) | ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ. |
| അദ്ധ്യായം VII - | | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2021 ജൂൺ 7-ാം തീയതി രൂപീകൃതമായ ഈ സമിതി 2021 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ശിവൻകുട്ടി,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2021 ജൂലൈ 1.

## റിപ്പോർട്ട്

### അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർക്കുന്ന പ്രകാരം 3 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 23-7-2020-ലെ സമിതിയോഗം അംഗീകരിക്കുകയും 24-8-2020-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 23-7-2020-ലെ സമിതിയോഗം അംഗീകരിക്കുകയും 24-08-2020 -ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-1-2021-ലെ സമിതി യോഗം അംഗീകരിക്കുകയും 20-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 18-1-2021 ലെ സമിതി യോഗം അംഗീകരിക്കുകയും 20-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### അദ്ധ്യായം III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ/എന്നിവയുടെ വിശദാംശങ്ങൾ

#### കരട് ചട്ടങ്ങൾ

1. 2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ 23-7-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5335/സബ്.സി.ഇ 1/2015/നി.സെ.)

893/2021.

2. The Recruitment (Qualification and method of appointment) Rules for the Kerala State Library Council 2019-കരട് ചട്ടം 23-7-2020-ലെ യോഗത്തിൽ പരിഗണിക്കുകയും, നിയമവകുപ്പിന്റെ അഭിപ്രായം തേടുന്നതിനുവേണ്ടി നിർദ്ദേശം നൽകാൻ തീരുമാനിച്ചതിനാൽ അംഗീകാരം നൽകാതെ മാറ്റിവയ്ക്കുകയും ചെയ്തു.

(ഫയൽ നമ്പർ 316/സബ്. സി.ഇ 1/2015/നി.സെ.)

3. Museum and Zoos (including Sri Chitra Art Gallery) Subordinate Service (Amendment) Special Rules 2020, 21-10-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3728/സബ്. സി.ഇ 1/2020/നി.സെ.)

4. The Kerala Higher Secondary Education Subordinate Service (Amendment) Rules 2019, 28-12-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5047/സബ്.സി.ഇ 1/2019/നി.സെ.)

5. Kerala General Education (District Institute of Education and Training) State Service Special Rules 2020, 4-2-2021-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1283/സബ്. സി.ഇ 1/2021/നി.സെ.)

**എസ്.ആർ.ഒ.-കൾ**

1. SRO No. 433/2019, SRO No. 571/2019, SRO No. 572/2019, SRO No. 573/2019, SRO No. 626/2019.

(ഫയൽ നമ്പർ 4172/സബ്.സി.ഇ 1/2020/നി.സെ.)

28-12-2020-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 എ പ്രകാരം 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ യോഗം ചേർന്നില്ല.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി | കാലതാമസ പത്രിക സമിതി പരിഗണിച്ച തീയതി |
|---|---|---|---|---|---|
| 1 | 2019-20 | XVII | പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പ് | 13-1-2021 | ആവശ്യമില്ല |
| 2 | 2019-20 | XVII | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 13-1-2021 | 28-12-2020 |
| 3 | 2015-16 | XVII | സാംസ്കാരിക കാര്യം | 13-1-2021 | ആവശ്യമില്ല |
| 4 | 2018-19 | XVII | പൊതു വിദ്യാഭ്യാസം | 13-1-2021 | 28-12-2020 |
| 5 | 2018-19 | XVII | ഉന്നത വിദ്യാഭ്യാസം | 13-1-2021 | 28-12-2020 |

## അദ്ധ്യായം VI

a. 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| റിപ്പോർട്ട് | ആകെ ശിപാർശകൾ | മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും | സമിതിയിൽ സമർപ്പിച്ച ഖണ്ഡികകൾ | മറുപടി ലഭിക്കാനുള്ള ഖണ്ഡികകൾ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-2021) (ഫയൽ നമ്പർ 1806/സബ്. സി. ഇ 1/2020/ നി.സെ.) | 157 | 63 (ഉന്നത വിദ്യാഭ്യാസം) | ഇല്ല | 1-23, 66-72 | പൊതു വിദ്യാഭ്യാസം |
| | | | | 24-65, 73-89, 92-95 | ഉന്നത വിദ്യാഭ്യാസം |
| | | | | 90-91 | പൊതു മരാമത്ത് |
| | | | | 96-144, | സാംസ്കാരിക കാര്യം |
| | | | | 145-156 | കായിക യുവജന കാര്യം |
| | | | | 157 | ആസൂത്രണ-സാമ്പത്തിക കാര്യം |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നമ്പർ 3340/സബ്.സി.ഇ 1/2019/നി.സെ.)

ഖണ്ഡികകൾ 21-26, 36, 49, 79 എന്നിവയിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും ഖണ്ഡിക 121-ലെ ശിപാർശയിന്മേൽ പൊതുഭരണ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും 23-7-2020-ലെ സമിതിയോഗം അംഗീകരിക്കുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 27)</u>

2202-03-103-92—<u>തിരുവനന്തപുരം ലോ കോളേജ്</u>

ഈ ശീർഷകത്തിൽ മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് വകയിരുത്തിയിരിക്കുന്നത് എന്നതിനാലും യു.ജി.സി. നിരക്കിലുള്ള ശമ്പളവും ശമ്പളപരിഷ്കരണ കുടിശ്ശികയും നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 57 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലോ കോളേജുകൾക്ക് അധിക ധനാനുമതിയിലൂടെ അനുവദിക്കുന്നതിനായി ശിപാർശ ചെയ്ത തുക കണ്ടെത്തുന്നതിന് 2020-2021 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ തുക ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ടി തുക 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തുവാനും ആയത് പൂർണ്ണമായും വിനിയോഗിച്ചശേഷം വേണ്ടിവരുന്ന അധിക ധനാനുമതി ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുവാൻ പ്രസ്തുത കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 28)

2202-03-103-90—എറണാകുളം ലോ കോളേജ്

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ വെള്ളക്കരം, വൈദ്യുത ചെലവുകൾ, ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.38 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലോ കോളേജുകൾക്ക് അധിക ധനാനുമതിയിലൂടെ അനുവദിക്കുന്നതിനായി ശിപാർശ ചെയ്ത തുക കണ്ടെത്തുന്നതിന് 2020-2021 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ തുക ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ടി തുക 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തുവാനും ആയത് പൂർണ്ണമായും വിനിയോഗിച്ചശേഷം വേണ്ടിവരുന്ന അധിക ധനാനുമതി ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുവാൻ പ്രസ്തുത കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 29)

2202-03-103-89—കോഴിക്കോട് ലോ കോളേജ്

2020-ൽ കോഴിക്കോട് ലോ കോളേജിൽ ഗോൾഡൻ ജൂബിലി വർഷം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് കോളേജിനെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 4.85 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01—ശമ്പളം

ജീവനക്കാരുടെ വേതന ഇനത്തിൽ 2019-2020 വർഷത്തിൽ അരിയർ/ഇൻക്രിമെന്റ് തുടങ്ങിയവ നൽകേണ്ടതിനാൽ അധികമായി 66.14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. ക്ഷാമബത്ത

ജീവനക്കാരുടെ ക്ഷാമബത്ത ഇനത്തിൽ അതാത് വർഷത്തിൽ ക്ഷാമബത്ത വർദ്ധിക്കുന്നതിനാൽ അധികമായി 87.65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം

1. ശമ്പളം

പാർട്ട്ടൈം ജീവനക്കാരുടെ (2018-19) വർഷത്തിൽ വേതനം ഇനത്തിൽ 3.01080 ലക്ഷം രൂപയോളം ചെലവാകുന്നതിനാൽ 10,000 രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. മറ്റ് അലവൻസുകൾ

പാർട്ട്ടൈം ജീവനക്കാർക്ക് ഫുട്ട് വെയർ അലവൻസ്, സി.സി.എ. എന്നിവ നൽകേണ്ടതിനാൽ അധികമായി 12,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ദിവസവേതനം

അതിഥി അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചതിനാലും അരിയർ തുക നൽകേണ്ടതിനാലും ഹോസ്റ്റലിലെ ദിവസവേതനക്കാർക്ക് 12 ലക്ഷം രൂപയോളം 2019-20 വർഷത്തേക്ക് ആവശ്യമുള്ളതിനാലും അധികമായി 35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04—യാത്രാചെലവുകൾ

1—യാത്രാബത്ത

യാത്രാബത്ത ഇനത്തിൽ മതിയായ തുക ലഭ്യമാകാത്തതിനാൽ 2018-19 വർഷത്തെ ബില്ലുകൾ സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ആകയാൽ അധികമായി 28,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4—അവധിയാത്രാനുകൂല്യം

ഒരു ജീവനക്കാരൻ 30,000 രൂപയോളം വരുന്ന ബില്ല് എൽ.ടി.സി.-ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ 69,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

3—ടെലിഫോൺ ചെലവ്

ടെലിഫോൺ ഇനത്തിൽ 2018-19 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9,850 രൂപ പി.ടി.എ.-യിൽനിന്ന് ലോൺ അടിസ്ഥാനത്തിൽ കടമെടുത്ത് ബില്ല് അടച്ചതിനാലും ക്യാമ്പസ് WiFi ആക്കുന്നതിനാൽ കാര്യക്ഷമമായ നെറ്റ് കണക്ഷൻ ലഭിക്കേണ്ടതിനാലും 78,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4—മറ്റിനങ്ങൾ

സ്റ്റാമ്പ് TDS e-filling /ടോണർ, സാനിറ്ററി ഐറ്റംസ് എന്നിവ വാങ്ങുന്നതിലേക്ക് അധിക തുക അനുവദിക്കേണ്ടതിനാൽ 16,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലോ കോളേജുകൾക്ക് അധിക ധനാനുമതിയിലൂടെ അനുവദിക്കുന്നതിനായി ശിപാർശ ചെയ്ത തുക കണ്ടെത്തുന്നതിന് 2020-2021 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ തുക ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ടി തുക 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തുവാനും ആയത് പൂർണ്ണമായും വിനിയോഗിച്ച ശേഷം വേണ്ടിവരുന്ന അധിക ധനാനുമതി ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുവാൻ പ്രസ്തുത കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 30)

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

യു.ജി.സി. ശമ്പള പരിഷ്കരണ തുക നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 20 ലക്ഷം രൂപയും ക്ഷാമബത്ത ഇനത്തിൽ 20 ലക്ഷം രൂപയും വീട്ടുവാടക ഇനത്തിൽ 3 ലക്ഷം രൂപയും മറ്റ് അലവൻസുകൾ ഇനത്തിൽ 1 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തൃശ്ശൂർ ഗവ. കോളേജിന് 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ അനുവദിച്ച തുക മതിയാകാതെ വന്നതിനാലാണ് അധിക തുക ഉപധനാഭ്യർത്ഥനയായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തത്. 2018-19 വർഷം നൽകുവാനുള്ള തുകകളെല്ലാം 2019-20 വർഷത്തെ ഫണ്ടിൽനിന്നും നൽകിയിട്ടുള്ളതിനാൽ പ്രസ്തുത കോളേജിന് അധിക തുക അനുവദിക്കേണ്ടിവന്നില്ല.

[ സർക്കാർ കത്ത് നമ്പർ സി1/187/2019/ഉ.വി.വ. തീയതി 21-7-2020 ]

[ 27-30 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 28-12-2020 -ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക 33)

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാറിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ-ന്റെ ചെലവുകൾക്കായി (2019-20) സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 6-11-2020-ലെ HEDN-L1/315/2019-HEDN]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസ പത്രിക 12-1-2021-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 35)

2203-00-001-93—വകുപ്പുകൾ ശക്തിപ്പെടുത്തൽ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റും കോതമംഗലം, കോഴിക്കോട് മേഖലാ കാര്യാലയം, തിരുവനന്തപുരത്തുള്ള കൺട്രോളറുടെ ഓഫീസ് എന്നിവിടങ്ങളിലെ ആധുനികവൽക്കരണം, ഇ-ഗവേണൻസ്, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ഓൺലൈൻ പരീക്ഷ പേപ്പർ വിതരണം, സംസ്ഥാനത്തുള്ള പരിശീലന സ്ഥാപനങ്ങൾക്ക് പുറമെ പ്രധാന ദേശീയ സ്ഥാപനങ്ങളിൽ വച്ച് ജീവനക്കാർക്ക് നൽകുന്ന പരിശീലനം, കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസേർച്ച് സെന്റർ മുഖേന വിവിധ സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കൽ, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആകയാൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിയ്ക്കുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

[ സർക്കാർ കത്ത് നമ്പർ ജി2/226/2019/ഉ.വി.വ., തീയതി 4-12-2020]

[ 4-2-2021-ലെ യോഗം അംഗീകരിച്ചു]

[ കാലതാമസ പത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 37)

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 39.3334 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി 2019-20-ൽ പൂർത്തിയാകാത്തതിനാൽ അധികമായി വകയിരുത്താൻ ശിപാർശ ചെയ്ത 39.3334 കോടി രൂപയുടെ പ്രൊപ്പോസൽ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ നിന്നും സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

[ സർക്കാർ കത്ത് നമ്പർ ജെ3/233/2019/ഉ.വി.വ., തീയതി 11-9-2020]

[ 4-2-2021-ലെ യോഗം അംഗീകരിച്ചു.]

[ കാലതാമസ പത്രിക 22-1-2021 -ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 38)

2203-00-104-95-31—വ്യാവസായിക സ്കൂളുകൾ - സഹായധനം

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് - ഇൻ- എയ്ഡും ഉത്സവബത്തയും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിലെ ആകെ ചെലവ് ബഡ്ജറ്റ് വിഹിത തുകയിൽ പരിമിതപ്പെടുത്തുവാൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക വിനിയോഗിച്ചിട്ടില്ല. ആകെ 10,73,100 രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

[ സർക്കാർ കത്ത് നമ്പർ 30-7-2020-ലെ ജെ1/281/2019/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക 39)

2203-00-108-99-34(3)—പരീക്ഷാ വിഭാഗം - മറ്റ് ചെലവുകൾ - മറ്റിനം

ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ് ഓഫീസിലെയും പോളിടെക്നിക്ക് കോളേജ്, ടി.എച്ച്.എസ്., ജി.എസ്.ഐ. തുടങ്ങിയ സ്ഥാപനങ്ങളിലെയും പരീക്ഷ സംബന്ധമായ ചെലവുകൾ കുടിശ്ശിക തീർത്ത് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിലെ ആകെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്താൻ കഴിഞ്ഞതിനാൽ സമിതി തുക വിനിയോഗിച്ചിട്ടില്ല.

ആകെ ചെലവ് - 321,52,510 രൂപ.

[സർക്കാർ കത്ത് നമ്പർ 6-11-2020-ലെ HEDN-L1/315/2019-HEDN] [28-12-2020-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 40)

2203-00-108-99-21-2—പരീക്ഷാവിഭാഗം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ചോദ്യപേപ്പറുകളും മറ്റും യഥാസമയം സ്ഥാപനങ്ങളിലെത്തിക്കുന്നതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ 3 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2016-17 മുതലുള്ള കുടിശ്ശിക തുക കൊടുത്ത് തീർക്കുന്നതിനായി 2.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിയ്ക്കുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 41)

2203-00-108-99-45—പരീക്ഷാവിഭാഗം - പി.ഒ.എൽ.

സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ 3 വാഹനങ്ങളുടെ ഡീസൽ ഇനത്തിൽ കുടിശ്ശിക തുക തീർത്ത് നൽകുന്നതിലേയ്ക്ക് 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിയുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

[ സർക്കാർ കത്ത് നമ്പർ 4-12-2020 -ലെ ജി2/226/2019/ഉ.വി.വ.]

[40, 41 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 4-2-2021 -ലെ യോഗം അംഗീകരിച്ചു.]

[ കാലതാമസ പത്രിക 22-1-2021 -ന് സഭയിൽ സമർപ്പിച്ചു.]

<u>ശിപാർശ (ഖണ്ഡിക 42)</u>

2203-00-112-60—<u>ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)</u>

(i) ഐ.എച്ച്.ആർ.ഡി.യിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ശമ്പളം ഇനത്തിൽ 69.0868 കോടി രൂപയും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ശമ്പളേതര ഇനത്തിൽ 3.6156 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-2020 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് പദ്ധതിയിനത്തിൽ 5.64 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 44.8444 കോടി രൂപയും താഴെ പറയും വിധം അനുവദിച്ചിട്ടുണ്ട്.

| A. <u>പദ്ധതിയിനം</u> | <u>തുക</u> |
|---|---|
| 2203-00-112-60-35— മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം | 3.44 കോടി |
| 2203-00-112-60-36 —പർച്ചേസ് | 2.20 കോടി |
| ആകെ | 5.64 കോടി |

| B. പദ്ധതിയേതരം | തുക |
|---|---|
| 2203-00-112-60-31 —ശമ്പളം | 38.46 കോടി |
| 2203-00-112-60-31 —ശമ്പളേതരം | 6.3844 കോടി |
| ആകെ | 44.8444 കോടി |

[സർക്കാർ കത്ത് നമ്പർ 17-8-2020-ലെ ജെ1/282/2019/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 44)

2203-00-112-56—പി.പി.പി. മോഡിന് കീഴിൽ വരുന്ന പദ്ധതികൾ

തിരുവനന്തപുരത്ത് ബാർട്ടൺഹില്ലിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് കേന്ദ്രവുമായി ബന്ധപ്പെട്ട് 2019-20-ൽ നടത്തുവാൻ ഉദ്ദേശിക്കുന്ന സെമിനാർ/കോൺഫറൻസ് എന്നിവയും വിദ്യാർത്ഥികൾക്ക് ദേശീയ/വിദേശ ഇന്റേൺഷിപ്പിൽ പങ്കെടുക്കുവാൻ വേണ്ട ചെലവ് വഹിക്കുന്നതിനായും മറ്റ് ലാബുകളിലേയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിയുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 45)

2203-00-112-41—എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന വികസനത്തിനും ഹരിത പ്രോട്ടോക്കോൾ തുടരുന്നതിനും പാരമ്പര്യേതര ഊർജ്ജസംരംഭങ്ങൾ ആരംഭിക്കുന്നതിനും കോളേജുകളെ മികവിന്റെ കേന്ദ്രം ആക്കുന്നതിനും, എൻ.ബി.എ. അംഗീകാരം ലഭിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ക്യൂ.ഐ.പി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും പി.എച്ച്.ഡി./എം. ടെക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിതരണം ചെയ്യുന്നതിനും ടെക്യൂപ്പ് പദ്ധതിയുടെ നീരീക്ഷണത്തിന് ചുമതലയുള്ള സ്റ്റേറ്റ് പ്രോജക്ട് ഫെസിലിറ്റേഷൻ യൂണിറ്റിന്റെ പ്രവർത്തനത്തിനും വേണ്ടി 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിയുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

[ സർക്കാർ കത്ത് നമ്പർ 4-12-2020-ലെ ജി2/226/2019/ഉ.വി.വ.]

[44, 45 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 4-2-2021-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസ പത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 57)

4202-01-203-96—കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)

29 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 14.952 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

NABARD-ന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയ്ക്ക് അനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്കും തത്തുല്യമായ തുക ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 58)

4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാ ഹോസ്റ്റലുകളും-നിർമ്മാണം

5 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിക്കാത്തതിനാൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന മുറയ്ക്കാണ് തുക അനുവദിച്ചുനൽകുന്നത്. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയ്ക്ക് അനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്കും സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 59)

4202-01-203-88—കോളേജുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ-കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിടനിർമ്മാണം (ഒറ്റത്തവണകേന്ദ്ര സഹായം)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 4.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾക്ക് കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്കാണ് ബഡ്ജറ്റിൽ സംസ്ഥാന വിഹിതം വകയിരുത്തി നൽകുന്നത്. കേന്ദ്രവിഹിതത്തിന്റെ ലഭ്യത കണക്കിലെടുത്തും പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിക്കനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്കും ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 60)

4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾക്ക് കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്കാണ് ബഡ്ജറ്റിൽ സംസ്ഥാന വിഹിതം വകയിരുത്തി നൽകുന്നത്. കേന്ദ്രവിഹിതത്തിന്റെ ലഭ്യത കണക്കിലെടുത്തും പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിക്കനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്കും ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 61)

4202-01-203-85—കോളേജുകൾക്ക് നാഷണൽ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം

9 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 14.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോളേജുകൾക്ക് നാഷണൽ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതിക്കനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന മുറയ്ക്കും ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 62)

4202-01-203-83—കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പരിപാടി (സി.ഐ.യു.പി.)

33 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 63.2065 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന മുറയ്ക്കാണ് തുക അനുവദിച്ചുനൽകുന്നത്. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയ്ക്ക് അനുസൃതമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്കും സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ സി2/216/2019/ഉ.വി.വ., തീയതി 21-7-2020]

[57-62 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 28-12-2020-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 63)

4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ -കെട്ടിടങ്ങൾ

30 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12.6464 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 6 കോടി രൂപ കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച തുക ഉൾപ്പെടെ ആകെ 11.2834 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 27-7-2020-ലെ ജെ3/232/2019/ഉ.വി.വ.]

[28-12-2020 -ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക 64)

4202-02-104-99—പോളിടെക്നിക്കുകൾ-കെട്ടിടങ്ങൾ

സർക്കാർ പോളിടെക്നിക് കോളേജുകളിൽ എ.ഐ.സി.ടി.ഇ. അംഗീകാരവുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ കാസർഗോഡ്, കുന്നംകുളം, ഷൊർണ്ണൂർ, തൃക്കരിപ്പൂർ, മീനങ്ങാടി, പെരിന്തൽമണ്ണ, കോഴിക്കോട്, കായംകുളം, കോട്ടയ്ക്കൽ, കൈമനം എന്നിവിടങ്ങളിലെ പോളിടെക്നിക്കുകളിൽ ഓഫീസ്, ക്ലാസ്സ് റൂം, ലാബ് തുടങ്ങിയ ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 65)

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ. ഐ. ഡി. എഫ്.)

11 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 9.31 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 66)

4202-02-104-95—പോളിടെക്നിക്കുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം (100% സി.എസ്.എസ്.)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 67)

4202- 02-104-94—പോളിടെക്നിക്ക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്ര സഹായം)

മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 1.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 6-11-2020-ലെ HEDN-L1/315/2019-HEDN] [64-67 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 28-12-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 12-1-2021-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 68)

4202-02-105-99—കെട്ടിടങ്ങൾ

56 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല ആയതിനാൽ 58.645 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020-ലെ ചെലവ് 12.51 കോടി രൂപ അധിക തുക അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 69)

4202-02-105-98—മുൻപദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 70)

4202-02-105-93—തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് - ഒറ്റത്തവണ അധിക കേന്ദ്രസഹായം

1 പ്രവൃത്തി പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 71)

4202-02-105-90— മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

15 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 25.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവ് 9.98 കോടി രൂപ അധിക തുക അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 72)

4202-02-105-89—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല ആകയാൽ 12.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവ് 6.42 ലക്ഷം രൂപ അധിക തുക അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 73)

4202-02-105-88—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 1.0864 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവ് 58.96 ലക്ഷം രൂപ അധിക തുക അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 4-12-2020-ലെ ജി2/226/2019/ഉ.വി.വ.]

[68 -73 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 4-2-2021-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസ പത്രിക 22-1-2021 -ന് സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 74)

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ - മരാമത്ത് പണികൾ

22 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 55.8313 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിലെ ചെലവായ തുകയായ 12.5 കോടി രൂപ അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന ധനപുനഃവിനിയോഗം വഴി കണ്ടെത്തി.

[സർക്കാർ കത്ത് നമ്പർ 19-9-2020, 14-12-2020 എന്നീ തീയതികളിലെ ഇ 3/417/2019/പൊ.മ.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 75)

4202-02-800-93—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾ-മരാമത്ത് പണികൾ

6 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3.51 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-2020 ചെലവില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ 4-12-2020-ലെ ജി2/226/2019/ഉ.വി.വ.]

[4-2-2021-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 22-01-2021-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 76)

4202-03-800-91—എൻ.സി.സി. കെട്ടിട നിർമ്മാണം

നിലവിലുള്ള 6 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അനുവദിച്ച തുക പര്യാപ്ത മല്ലാത്തതിനാൽ 8.55 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആലപ്പുഴ ജില്ലയിലെ കിടങ്ങറയിൽ 5-ാം കേരള നേവൽ ബറ്റാലിയൻ ഓഫീസും നേവൽ കേഡറ്റുകളുടെ ട്രെയിനിംഗ് സെന്ററും ബോട്ട് ഹൗസ് നിർമ്മാണ പ്രവൃത്തികൾക്കും വേണ്ടി 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള 6 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പദ്ധതിയിനത്തിൽ 4202-03-800-91 ശീർഷകത്തിൽ അധികമായി തുക 2019-20 സാമ്പത്തിക വർഷം അനുവദിക്കേണ്ടതില്ലെന്ന് എൻ.സി.സി. വകുപ്പ് മേധാവി അറിയിച്ചിരുന്നു.

ആലപ്പുഴ ജില്ലയിലെ കിടങ്ങറയിൽ 5-ാം കേരളാ നേവൽ ബറ്റാലിയൻ ഓഫീസും നേവൽ കേഡറ്റുകളുടെ ട്രെയിനിംഗ് സെന്ററും ബോട്ട് ഹൗസ് നിർമ്മാണ പ്രവൃത്തികൾക്കും വേണ്ടി സമിതി ശിപാർശ ചെയ്ത 5 കോടി രൂപ '2019-20 സാമ്പത്തിക വർഷം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. 2020-21 വർഷത്തെ Plan write up-ൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചു തീരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ എൻ.സി.സി. വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 30-11-2020-ലെ എ 2/209/2019/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.]

<u>ശിപാർശ (ഖണ്ഡിക 77)</u>

4202-04-101-99—<u>ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ</u>

5 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.584 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 1 കോടി രൂപ കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച തുക ഉൾപ്പെടെ ആകെ 3.1191 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 30-7-2020-ലെ ജെ1/284/2019/ഉ.വി.വ.].

[28-12-2020-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക 78)

4202-04-101-97—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി. എ.ഡി.എസ്.)

4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ ആവശ്യം വരുന്ന മുറയ്ക്ക് 20.84 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തിരുവനന്തപുരം ജവഹർ ബാലഭവനിൽ കുട്ടികളുടെ തിയേറ്റർ നിർമ്മാണവും, കണ്ണൂർ കാക്കണ്ണൻപാറയിൽ കലാഗ്രാമം നിർമ്മാണവുമാണ്. ഈ രണ്ടു പ്രവൃത്തികൾക്കും 2019-20 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജവഹർ ബാലഭവനിൽ കുട്ടികളുടെ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 27-7-2020-ലെ സ.ഉ. (സാധാ.) നമ്പർ 301/2020/സാം.കാ.വ. പ്രകാരം 17,40,750 രൂപ 2205-00-101-96-36 (P)എന്ന ശീർഷകത്തിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 80)

2202-05-102-98—സംസ്ഥാന സർവ്വ വിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ 2019-20 സാമ്പത്തിക വർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക, ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 81)

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവനക്കാരുടെ ശമ്പളം, ആർജ്ജിതാവധി സറണ്ടർ തുടങ്ങിയവ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 82)</u>

2202-05-102-96—<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്</u>

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തക നിർമ്മാണം, കെട്ടിട നിർമ്മാണം, ഭാഷാ കമ്പ്യൂട്ടിംഗ്, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ ശതാബ്ദി ആഘോഷങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പദ്ധതിയിനത്തിൽ 2 കോടി രൂപയും കരാർ/ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 83)</u>

2202-05-102-92—<u>കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം</u>

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും മുല്ലർ 150-ാം ജന്മവാർഷിക വായനാ പദ്ധതിക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.5 കോടി രൂപയും, പദ്ധതിയേതരയിനത്തിൽ 1.5 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 84)

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷൻ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 8.51 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ, പദ്ധതി നിർവ്വഹണത്തിനായുള്ള യാത്രാ ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര യിനത്തിൽ 58.24 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ, ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 30-12-2019-ലെ സ.ഉ. (സാധാ.) 611/2019/സാം.കാ.വ. പ്രകാരം 10,33,000 രൂപയും, 24-1-2020-ലെ സ.ഉ. (സാധാ.) 49/2020/സാം.കാ.വ. പ്രകാരം 10,33,000 രൂപയും 20-3-2020-ലെ സ.ഉ. (സാധാ.) 166/2020/സാം.കാ.വ. പ്രകാരം 5,17,000 രൂപയും ചേർത്ത് ആകെ 25,83,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 85)

2205-00-101-97-36—കേരള കലാമണ്ഡലം

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 8.5 കോടി രൂപയും പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനായും പദ്ധതിയേതര ഇനത്തിൽ 14.3847 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ ജീവനക്കാർക്ക് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ശമ്പളം നൽകുന്നതിനും മറ്റ് അത്യാവശ്യ ഭരണപരമായ ചെലവുകൾക്കുമായി 5-3-2020-ലെ സ.ഉ. (സാധാ.) 108/2020/സാം.കാ.വ. പ്രകാരം 76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 86)

2205-00-101-96—ജവഹർ ബാലഭവൻ

തിരുവനന്തപുരം ജവഹർ ബാലഭവന് താങ്ങു ഭിത്തി അടിയന്തരമായി നിർമ്മിക്കുന്നതിനും ബാലമേള, രാഗമുദ്ര എന്നിവയ്ക്കുമായി പദ്ധതിയിനത്തിൽ 1.9315 കോടി രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ അധിക ബാധ്യതയ്ക്കുവേണ്ടി പദ്ധതിയേതരയിനത്തിൽ 1.3533931 കോടി രൂപയും, കൊല്ലം ജവഹർ ബാലഭവന് ശമ്പള

893/2021.

പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകുന്നതിനും മുൻ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 85.361 ലക്ഷം രൂപയും, കോട്ടയം ജവഹർ ബാലഭവന് ശമ്പള പരിഷ്കരണത്തിനും പദ്ധതി നടത്തിപ്പിനുമായി പദ്ധതിയേതര ഇനത്തിൽ 88.34 ലക്ഷം രൂപയും, തൃശ്ശൂർ ജവഹർ ബാലഭവന് പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന് വേണ്ടിയും, കമ്പ്യൂട്ടർ ശില്പശാല, ശില്പസംരക്ഷണം എന്നിവയ്ക്കുവേണ്ടിയും പദ്ധതിയിനത്തിൽ 67.2 ലക്ഷം രൂപയും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുവേണ്ടി പദ്ധതിയേതരയിനത്തിൽ 30.87 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ജവഹർ ബാലഭവൻ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷം 4-1-2020-ലെ സ.ഉ. (കൈ.) 01/2020 സാം.കാ.വ. പ്രകാരം 65,00,000 രൂപയും 10-3-2020-ലെ സ.ഉ. (സാധാ). 120/2020 സാം.കാ.വ. പ്രകാരം 56,99,700 രൂപയും ചേർത്ത് 1,21,99,700 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 87)</u>

2205-00-102-97-36—<u>കേരള സാഹിത്യ അക്കാദമി ധനസഹായം - സഹായധനം-ശമ്പളേതരം</u>

2019-2020 വർഷം കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ ഒരു ഇന്റർനാഷണൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ നടത്തുന്നതിന് 3 കോടി രൂപ പദ്ധതി ഇനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 1.0824 കോടി രൂപ പദ്ധതിയേതര യിനത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 88)</u>

2205-00-102-91-36—<u>കേരള ലളിതകലാ അക്കാദമി - സഹായധനം</u>

കേരള ലളിതകലാ അക്കാദമിയിൽ കലാ വസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണത്തിനും കണ്ണൂർ കാക്കണ്ണൻപാറ കലാഗ്രാമത്തിൽ ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണത്തിനും പദ്ധതിയിനത്തിൽ 2 കോടി രൂപയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 89)

2205-00-102-90—കേരള സംഗീത നാടക അക്കാദമി

കേരള സംഗീത നാടക അക്കാദമിക്ക് കീഴിലുള്ള ഭരത് മുരളി തുറസ്സരങ്ങ്, കെ.ടി മുഹമ്മദ് സ്മാരക തിയേറ്റർ, നാട്യഗൃഹം, ആർട്ടിസ്റ്റ് കോളേജ് എന്നിവ അന്താരാഷ്ട്ര നാടകോത്സവത്തിന് ഉതകുന്നവിധം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, അക്കാദമിക്ക് കീഴിൽ ആർക്കൈവ്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുംവേണ്ടി പദ്ധതിയിനത്തിൽ 1.9 കോടി രൂപയും സ്ഥിരം നാടകവേദിയുടെ നിർമ്മാണ ചെലവിനും ഒരു വർഷത്തേക്ക് കലാകാരന്മാരുടെ പ്രതിഫലം ഉൾപ്പെടെയുള്ള ചെലവുകൾക്കുമായി 50 ലക്ഷം രൂപയും, ജീവനക്കാരുടെ വേതനത്തിനും അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ്ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിച്ചുനൽകുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 1.024 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 90)

2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/ സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം - സഹായധനം- ശമ്പളേതരം

3000 കലാകാരന്മാർക്ക് പ്രതിമാസം 1,500 രൂപ നിരക്കിൽ കലാകാര പെൻഷൻ 2019-20 വർഷത്തേക്ക് നൽകുന്നതിന് 78 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

20-2-2020-ലെ സ.ഉ. (സാധാ.)1418/2020/ധന. പ്രകാരം 20,00,000 രൂപയും 27-3-2020-ലെ സ.ഉ. (സാധാ.) 2512/2020/ധന. പ്രകാരം 44,00,000 രൂപയും അധിക ധനസഹായമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 91)</u>

2205-00-102-86—<u>കഥകളി - മാർഗ്ഗി എന്നിവയിൽ പരിശീലനം</u>

കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും വർണ്ണാഭമായ വേഷവിധാനങ്ങൾ, വാദ്യോപകരണങ്ങൾ, കോപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും നിർമ്മാണം എന്നീ ചെലവുകൾക്കുംവേണ്ടി 30 ലക്ഷം രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 92)</u>

2205-00-102-82-36—<u>തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം- ശമ്പളേതരം</u>

ഭാരത് ഭവൻ തീയേറ്റർ ഫാർമെസ്സിനും, യേശുദാസ് ഡിജിറ്റൽ ലൈബ്രറിസ്സിനും വേണ്ടി പദ്ധതിയിനത്തിൽ 58 ലക്ഷം രൂപയും പദ്ധതിയിതര ആവശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് 24.52 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 93)</u>

2205-00-102-80—<u>നാട്ടരങ്ങ്</u>

കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് ഓരോ ജില്ലയിൽ ഒരു നാട്ടരങ്ങ് വീതം ആകെ പതിനാല് നാട്ടരങ്ങുകൾ നിർമ്മിക്കുന്നതിന് ഒരു നാട്ടരങ്ങിന് 10 ലക്ഷം രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ആയതിനായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 94)</u>

2205-00-102-79—<u>യുവ കലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ്</u>

നിലവിൽ 1000 യുവകലാകാരന്മാർക്ക് പ്രതിമാസം 10,000 രൂപ വീതം ഫെല്ലോഷിപ്പ് നൽകുന്നതിനും 14 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ഏകോപന ചെലവുകൾ, പരിശീലനം, ശില്പശാലകൾ തുടങ്ങിയവയ്ക്കുമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 95)</u>

2205-00-102-76-36—<u>ഗുരു ഗോപിനാഥ് നടനഗ്രാമം - വട്ടിയൂർക്കാവ് - സഹായധനം - ശമ്പളേതരം</u>

ഗുരു ഗോപിനാഥ് നൃത്ത മ്യൂസിയത്തെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അന്തർദ്ദേശീയ നൃത്തപഠന ശിബിരം നടത്തുന്നതിനും, അടിസ്ഥാന വികസനാവശ്യങ്ങൾക്കും വേണ്ടി 3.05 കോടി രൂപ പദ്ധതിയിനത്തിലും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 42 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ വിവിധ പദ്ധതികൾക്കായി 16-3-2020-ലെ സ.ഉ. (സാധാ.) നമ്പർ 145/2020/സാം.കാ.വ. പ്രകാരം 50 ലക്ഷം രൂപ 2205-00-102-76-36—നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 96)

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദ്ദേശീയ ഫിലിം മേള &

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

അന്തർദ്ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർദ്ദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിംഗ് ടാക്കീസ് പരിപാടി എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. 2019-20-ൽ കൂടുതൽ പ്രാദേശിക മേളകൾ, ടൂറിംഗ് ടാക്കീസ് പദ്ധതികളുടെ വിപുലീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 90 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അന്തർദ്ദേശീയ ചലച്ചിത്രമേളയ്ക്കായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 97)

2205-00-102-74-36—കേരള നാടൻ കല അക്കാദമി - സഹായധനം- ശമ്പളേതരം

കേരള നാടൻ കല അക്കാദമിയ്ക്ക് കണ്ണൻപെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന് കെട്ടിട നിർമ്മാണത്തിനും, പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ ഒന്നാം നില പുതുക്കിപ്പണിയുന്നതിനും, അക്കാദമി ആസ്ഥാനത്ത് പ്രവർത്തിക്കുന്ന മ്യൂസിയത്തിൽ എത്തിച്ചേരുന്ന സന്ദർശകർക്കും, ഗവേഷകന്മാർക്കും, അക്കാദമി ജീവനക്കാർക്കും ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ മുറിയും ഭക്ഷണം കഴിക്കാനുള്ള സൗകര്യവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു എമിനിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 1.4 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 98)

2205-00-102-73—ഗെയിമിംഗ് - ആനിമേഷൻ ഹാബിറ്റാറ്റ്

പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കും ഡി.പി.ആർ. തയ്യാറാക്കി പദ്ധതി ആരംഭിക്കുന്നതിനുമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 99)

2205-00-102-72—മ്യൂസിയങ്ങളുടെ വികസനവും നെറ്റ് വർക്കിംഗും

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിന്റെ കീഴിൽ പുതിയൊരു മ്യൂസിയം സൃഷ്ടിക്കുന്നതിനും നിലവിലുള്ള മ്യൂസിയങ്ങളുടെ ശൃംഖല വികസിപ്പിച്ചെടുക്കുന്നതിനുമായി ഈ പദ്ധതിയുടെ RFP അടിസ്ഥാനമാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ടെണ്ടർ നടപടികൾക്കുമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 100)

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

സംസ്ഥാനത്തെ 14 ജില്ലകളിലും നിലവിലുള്ള കലാഗ്രാമങ്ങൾ, അവിടത്തെ കല, കരകൗശല ഉത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് തുക അനുവദിക്കുന്നതിന് 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക 101)**

2205-00-102-70—കൾച്ചറിന്റെ അപ്പെക്സ് ബോഡി

സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നതിന് 2018-19 വർഷത്തെ വിഹിതം തന്നെ ആവശ്യമായതിനാൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക 102)**

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അവലോകനത്തിനുമായി രൂപീകരിച്ച അപ്പെക്സ് കൗൺസിൽ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യണമെന്നും ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

4-8-2015-ലെ സ.ഉ. (സാധാ.) നമ്പർ 387/2015/സാം.കാ.വ. പ്രകാരം സാംസ്കാരിക വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാന്റ് ലഭ്യമാകുന്ന എല്ലാ സാംസ്കാരിക സ്ഥാപനങ്ങളിലും കൃത്യമായി ആഡിറ്റ് നടത്തേണ്ടതാണെന്ന് കർശന നിർദ്ദേശവും വകുപ്പദ്ധ്യക്ഷന് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സാംസ്കാരിക ഉന്നത സമിതിയുടെ പങ്കാളിത്തം ഉറപ്പ് വരുത്തും.

**ശിപാർശ (ഖണ്ഡിക 103)**

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ സമഗ്രവികസനത്തിനായി ആറന്മുളയിൽ സ്വന്തമായുള്ള സ്ഥലത്ത് പുതിയ ആസ്ഥാന മന്ദിരവും തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തി പ്രാദേശിക കേന്ദ്രവും സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി പദ്ധതിയിനത്തിൽ 1 കോടി രൂപയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 85.5 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 104)

2205-00-102-63—മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി

പദ്ധതിയിനത്തിൽ 1.675 കോടി രൂപയും മാപ്പിളകലാ അക്കാദമിയുടെ കോഴിക്കോട് ജില്ലയിലെ നാദാപുരത്തെ ഉപകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പദ്ധതിയേതര യിനത്തിൽ 20 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 105)

2205-00-102-59—രാജാരവിവർമ്മ പുരസ്കാരം

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016, 2017 വർഷങ്ങളിലെ രാജാരവിവർമ്മ പുരസ്കാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-2019-ലെ പുരസ്കാര നിർണ്ണയ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുരസ്കാര ജേതാവിനെ നിർണ്ണയിക്കുന്ന മുറയ്ക്ക് പുരസ്കാര തുക വർദ്ധിപ്പിക്കുന്ന വിഷയം ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 106)

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ

മഹാകവി കുമാരനാശാന്റെ ഭവനങ്ങളുടെ സംരക്ഷണം എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും ജീവനക്കാർക്ക് മിനിമം വേതനം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് 2019-2020 സാമ്പത്തിക വർഷം 1-9-2019-ലെ സ.ഉ. (സാധാ.) നമ്പർ 386/2019/സാം.കാ.വ., 16-12-2019-ലെ സ.ഉ. (സാധാ.) നമ്പർ 597/2019/സാം.കാ.വ. എന്നിവ പ്രകാരം 2205-00-102-55-36—പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് 2,65,00,000 രൂപ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക 107)

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

സംസ്ഥാനത്തെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സാംസ്കാരിക പ്രവർത്തനം നടത്തുന്ന വ്യക്തികൾക്കും നൽകിവരുന്ന അനാവർത്തന സാമ്പത്തിക സഹായം കൂടുതൽ സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകുന്നതിന് 18 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 108)

2205-00-102-40—വൈലോപ്പിള്ളി വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം, തിരുവനന്തപുരം

സ്ഥാപനത്തിന്റെ അടിസ്ഥാന വികസനത്തിനും, വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുവാൻ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി പദ്ധതിയിനത്തിൽ 3.03 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 40 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 109)

2205-00-102-34—തിയേറ്റർ ഫെസ്റ്റിവൽ

കഴിഞ്ഞ 11 വർഷമായി കേരള സംഗീത നാടക അക്കാദമി പദ്ധതി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനാൽ മറ്റ് കലാവിഭാഗങ്ങൾക്ക് വേണ്ടി ആവശ്യമായ തുക അനുവദിക്കാൻ കഴിയുന്നില്ല. ആയതിനാൽ അന്താരാഷ്ട്ര നാടകോത്സവത്തിന് പ്രത്യേകമായി തുക അനുവദിക്കേണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അന്താരാഷ്ട്ര നാടകോത്സവത്തിനായി (ITFOK- 2020) "2205-00-102-34—തിയേറ്റർ ഫെസ്റ്റിവൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 26-9-2019-ലെ സ.ഉ.(സാധാ.) നമ്പർ 423/2019/സാം.കാ.വ. പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 110)

2205-00-102-32—ശ്രീനാരായണ അന്തർദ്ദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി

ബഡ്ജറ്റ് വിഹിതം അപര്യാപ്തമാതിനാൽ പദ്ധതിയിനത്തിൽ 3.5 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 2.5 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 111)

2205-00-102-31—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്

അധികമായുള്ള ഭരണച്ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 112)</u>

2205-00-102-18—<u>കേരള സംസ്കാരത്തിന്റെ വ്യാപനം</u>

2018-19 വർഷം നടപ്പാക്കാൻ കഴിയാതിരുന്ന സാംസ്കാരിക വിനിമയ പരിപാടികൾ സംസ്ഥാനാന്തര തലത്തിൽ സംഘടിപ്പിക്കുന്നതിന് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 113)</u>

2205-00-103-99-02—<u>പുരാവസ്തു ഗവേഷണ വകുപ്പ് - വേതനം</u>

നിലവിൽ പുരാവസ്തു വകുപ്പിന്റെ ആസ്ഥാന മന്ദിരം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതിനാലും പല വിഭാഗങ്ങളും പല സ്ഥലങ്ങളിലായി വ്യാപിച്ചുകിടക്കുന്നതിനാലും ഏകോപിച്ചുള്ള പ്രവർത്തനം സാധ്യമാകുന്നില്ല. ആയതിനാൽ പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം നിർമ്മിക്കുന്നതിനായി പ്രത്യേകം ശീർഷകം അനുവദിച്ച് 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുരാവസ്തു വകുപ്പിൽ സ്ഥിരം ജീവനക്കാർ കുറവായതുകാരണം സംരക്ഷിത സ്മാരകങ്ങളിലെയും മ്യൂസിയങ്ങളിലെയും ദൈനംദിന പ്രവർത്തനങ്ങൾ ദിവസവേതന ജീവനക്കാരെ ചുമതലപ്പെടുത്തിയാണ് ചെയ്യിക്കുന്നത്. ആയതിനായി 45.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04—<u>യാത്രാ ചെലവുകൾ</u>

കേരളത്തിന് അകത്തും പുറത്തുമായി വ്യാപിച്ചുകിടക്കുന്ന സംരക്ഷിത സ്മാരകങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധന, മറ്റ് സംരക്ഷണ പ്രവൃത്തികൾക്കുള്ള ചെലവുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവയ്ക്കായി പുരാവസ്തു വകുപ്പിലെ വാഹനം ഉപയോഗിക്കേണ്ടിവരുന്നതിനാൽ ഈ ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

പുരാവസ്തു വകുപ്പിലെ ഓഫീസുകളിലെ മുൻ വർഷങ്ങളിലെ ശരാശരി ചെലവും ഈ വർഷം പുതിയതായി ആരംഭിച്ച ഇ-ഓഫീസ് സംവിധാനവും കണക്കിലെടുത്താൽ ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 34,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി. ഒ. എൽ.

കേരളത്തിന് അകത്തും പുറത്തുമായി വ്യാപിച്ചുകിടക്കുന്ന സംരക്ഷിത സ്മാരകങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധന മറ്റ് സംരക്ഷണ പ്രവൃത്തികൾക്കായി ആവശ്യമായിട്ടുള്ള ചെലവുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവയ്ക്കായി വകുപ്പിലെ വാഹനം ഉപയോഗിക്കുന്നതിനാൽ ഈ ഇനത്തിൽ 12,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 114)

2205-00-103-85—പൈതൃക പഠന കേന്ദ്രം

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണ്. പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി 2019-20 വർഷത്തെ പദ്ധതി വിഹിതവും തനത് വരുമാനവും ഉൾപ്പെടെ ആകെ 2.0751 കോടി രൂപ കണക്കാക്കുന്നു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 40.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## ശിപാർശ (ഖണ്ഡിക 115)

### 2205-00-103-81—ഫീൽഡ് ആർക്കിയോളജി

പുരാവസ്തുക്കളുടെ ഉത്ഖനനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം അധിക തുക അനുവദിക്കണമെന്ന ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## ശിപാർശ (ഖണ്ഡിക 116)

### 2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ കണ്ണൂരിൽ എ.കെ.ജി. സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് 2019-20-ൽ പദ്ധതി ശീർഷകം അനുവദിച്ചിട്ടുണ്ടെങ്കിലും തുക വകയിരുത്തിയിട്ടില്ല. മ്യൂസിയം സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നതിനാൽ ഭൂമിയ്ക്ക് നൽകേണ്ടുന്ന വിലപ്രദർശന സംവിധാനം സജ്ജമാക്കൽ, മ്യൂസിയം സമുച്ചയം എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കൽ, മ്യൂസിയത്തിന്റെ നിർമ്മാണ അനുബന്ധ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ എന്നിവയ്ക്കായി 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

എ.കെ.ജി. സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 14-2-2020-ലെ സ.ഉ. (സാധാ.) നമ്പർ 70/2020/സാം.കാ.വ. പ്രകാരം 6,83,99,868 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 117)

### 2205-00-102-65 -33—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ- മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ

കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള കൈരളി/ശ്രീ/നിള കോംപ്ലക്സിൽ മൾട്ടി ലെവൽ പാർക്കിംഗ് ഉൾപ്പെടെയുള്ള ഒരു പുതിയ തിയേറ്ററിന്റെ നിർമ്മാണത്തിനും ആസ്ഥാന സമുച്ചയത്തിൽ രണ്ട് ഡബ്ബിംഗ് യൂണിറ്റുകൾക്കും ഒരു പ്രിമിക്സ് സ്യൂട്ടിനും വേണ്ടിയുള്ള മൂന്നാം നിലയുടെ നിർമ്മാണത്തിനും വനിതാ സംവിധായകരുടെ രണ്ടു ഫീച്ചർ

ഫിലിമുകൾ നിർമ്മിക്കുന്നതിനുംവേണ്ടി പദ്ധതിയിനത്തിൽ 3 കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും മുൻകാലങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിന് വേണ്ടിയും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപയും ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതത്തിനുപരിയായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പദ്ധതിയേതരയിനത്തിൽ 2.70 കോടി രൂപ അധികധനാനുമതിയായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലുമായി ആകെ അനുവദിച്ചിട്ടുള്ള 12.11 കോടി രൂപയിൽ ഇതു വരെ 4.76 കോടി രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. പദ്ധതി പദ്ധതിയേതര ശീർഷകങ്ങളായ "2205-00-102-65-33", "4202-04-190-99" എന്നിവയിൽ 7.35 കോടി രൂപ അവശേഷിച്ചിരുന്ന സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ 4-11-2020, 29-12-2020 എന്നീ തീയതികളിലെ 103/ എ 3/2019/സാം. ക.വ.]

[78, 80-117 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 4.2.2021-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.]

## II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 72)</u>

2203-00-800-91—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം</u>

ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്ന വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങിക്കുന്നതിനും വേരിയബിൾ ഡാറ്റാ സിസ്റ്റം സ്ഥാപിക്കുന്നതിനും സ്ഥല സൗകര്യം ഒരുക്കുന്നതിനും സെന്ററിൽ ഇപ്പോഴുള്ള യന്ത്രസംവിധാനങ്ങൾ ആധുനികവത്കരിക്കുന്നതിനും ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5 കോടി രൂപ പദ്ധതിയിനത്തിലും സെന്ററിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും മെഷീനറികളുടെ അറ്റകുറ്റപ്പണിക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സി ആപ്റ്റിന് അനുവദിച്ച നിലവിലെ വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷവും സംസ്ഥാനത്തിന്റെ ധനവിഭവ ലഭ്യതക്കനുസൃതമായി ഘട്ടത്തിലും അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവിരം സമിതിയെ അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ 22-6-2020-ലെ കെ3/312/19/ഉ.വി.വ. നമ്പർ കത്ത്.]

[21-10-2020-ലെ യോഗത്തിൽ നടപടി പത്രികയും കാലതാമസപത്രികയും അംഗീകരിച്ചു.]

[കാലതാമസപത്രിക 24-8-2020-ന് സഭയിൽ സമർപ്പിച്ചു.]

<u>ശിപാർശ (ഖണ്ഡിക 79)</u>

4202-01-201-99—<u>പ്രാഥമിക വിദ്യാഭ്യാസം-കെട്ടിടങ്ങൾ</u>

ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 8.43 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 1.55 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 80)</u>

4202-01-202-99—<u>സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ</u>

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 38.26 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 13.96 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 81)</u>

4202-01-202-90—<u>അടിസ്ഥാന സൗകര്യം-ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ.ഡി.എഫ്.)</u>

ആവശ്യമായിവരുന്ന മുറയ്ക്ക് 3.31 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 2.86 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 82)

4202-01-202-86—സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കുള്ള ബഹുനില കെട്ടിട നിർമ്മാണം (നബാർഡ്, ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

ശിപാർശ (ഖണ്ഡിക 88)

4202-01-800-91—ജി. വി. രാജാ സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ

ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 4.04 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 31.22 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 28-12-2020-ലെ 2420731/പി2/19/പൊ.വി. നമ്പർ കത്ത്.] [ഖണ്ഡിക നമ്പർ 79-82, 88 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികയും കാലതാമസപത്രികയും 4-2-2021-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു.]

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18) തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

ശിപാർശ (ഖണ്ഡിക 41)

2203-00-102-97-35—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

റസിഡൻഷ്യൽ സൗകര്യങ്ങളോടുകൂടി ക്യാമ്പസ് നിർമ്മിക്കുന്നതിനും ഇതിനായി സ്ഥലം വാങ്ങുന്നതിനുമായി 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയ്ക്ക് ക്യാമ്പസ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 50 കോടി രൂപ അനുവദിക്കണമെന്ന് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

2017-18 വർഷത്തിൽ സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിക്കാനുള്ള പ്രൊപ്പോസൽ പ്രസ്തുത വർഷത്തിൽ സമർപ്പിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 24-11-2020-ലെ ജെ3/184/2017/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 42)

2203-00-104-95—വ്യാവസായിക സ്കൂളുകൾ

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാൻഡ്-ഇൻ-എയ്ഡും ഉത്സവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.12 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശ പ്രകാരം ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 10.12 ലക്ഷം കൂടാതെ അഡീഷണൽ ആതറൈസേഷൻ വഴി അധികമായി 10 ലക്ഷം രൂപ 26-9-2017-ലെ G. O. (Rt.)No. 7359/2017/Fin. പ്രകാരം അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 29-1-2020-ലെ ജെ1/353/19/ഉ.വി.വ.]

[21-10-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 24-8-2020-ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 56)

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.) 35 മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

സ്ഥാപനത്തിന്റെ ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 6 കോടി രൂപയും നബാർഡിന്റെ സഹായത്തോടെ 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും കണ്ടറയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെയും കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപയും ചേർത്ത് പദ്ധതിയിനത്തിൽ 9 കോടി രൂപയും മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 280 ലക്ഷം രൂപ പദ്ധതിയേതര യിനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് പ്ലാൻ ഫണ്ടായി അനുവദിച്ച തുകയിൽ നിന്നും ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണത്തിനും എഞ്ചിനീയറിംഗ് കോളേജുകളിലെ നബാർഡുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണത്തിനും ഐ.എച്ച്.ആർ.ഡി. തുകകൾ വകയിരുത്തി വിനിയോഗിച്ചിട്ടുണ്ട്.

ശിപാർശയിലെ ഐ.എച്ച്.ആർ.ഡി. ഒഴികെയുള്ള വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകുന്നതിനായി ടി ശിപാർശയുടെ പകർപ്പ് ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ വിവരം 7-6-2018-ലെ സർക്കാർ കത്ത് നമ്പർ ജെ1/175/2017/ഉ.വി.വ. പ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 23-11-2020-ലെ ജെ1/146/2020/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.

ശിപാർശ (ഖണ്ഡിക 57)

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

പൂജപ്പുര എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ-വിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും, കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുമായി 550 ലക്ഷം രൂപയും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപയും ചേർത്ത് ആകെ 55.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പൂജപ്പുര എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യു.-വിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ധനവകുപ്പ് തുകയൊന്നും അനുവദിച്ചിട്ടില്ല. നടപ്പുവർഷത്തെ പദ്ധതിയിൽ ആസൂത്രണ വകുപ്പ് മേൽവിഷയത്തിൽ ആവശ്യമായ തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതിനാലും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കുറവായതിനാലും ടി ശിപാർശ ഇപ്പോൾ പരിഗണിക്കാൻ സർക്കാരിന് കഴിയില്ല.

[സർക്കാർ കത്ത് നമ്പർ 5-11-2020-ലെ ജെ1/175/2017/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു]

<u>ശിപാർശ (ഖണ്ഡിക 73)</u>

4202-02-103-99—<u>ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങൾ</u>

വിവിധ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്തു പൂർത്തിയാക്കാനുള്ളതിനാൽ 443 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതി ശിപാർശ ചെയ്ത അധിക തുക അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 3-11-2020-ലെ ജെ3/184/2017/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു]

<u>ശിപാർശ (ഖണ്ഡിക 81)</u>

4202-04-101-99 —<u>ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ-കെട്ടിടങ്ങൾ</u>

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.72 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം അധിക തുക അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 5-11-2020-ലെ ജെ1/147/2020/ഉ.വി.വ.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു]

## IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 24)</u>

2202-03-103-74—<u>കോളേജുകൾക്ക് നാഷണൽ അസെസ്സ്മെന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം</u>

നാഷണൽ അസെസ്സ്മെന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (NAAC) അംഗീകാരം ലഭിക്കുന്നതിനായി കോളേജുകളെ സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19-ലെ Plan Write up-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് പുറമെയുള്ള അധിക തുകകൾ അനുവദിക്കുന്നതിന് ധനപരിമിതിമൂലം നിർവ്വാഹമില്ല എന്ന വിവരം സബ്ജക്ട് കമ്മിറ്റിയെ അറിയിക്കുന്നു.

<u>ശിപാർശ (ഖണ്ഡിക 35)</u>

2203-00-800-91—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം</u>

കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിന്റെ (സി-ആപ്റ്റ്) വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ലെ Plan Write up-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് പുറമേയുള്ള അധിക തുകകൾ അനുവദിക്കുന്നതിന് ധനപരിമിതിമൂലം നിർവ്വാഹമില്ല എന്ന വിവരം സബ്ജക്ട് കമ്മിറ്റിയെ അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 36)

സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ ശമ്പള കടിശ്ശിക, നിലവിലെ ജീവനക്കാരുടെ ശമ്പള കടിശ്ശിക, സാധന സാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററുകളിലെ കടിശ്ശിക, സബ്സെന്ററിന്റെ വാടക കടിശ്ശിക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ലെ Plan Write up-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചെലവുകൾക്ക് പുറമേയുള്ള അധിക തുകകൾ അനുവദിക്കുന്നതിന് ധനപരിമിതിമൂലം നിർവ്വാഹമില്ല എന്ന വിവരം സബ്ജക്ട് കമ്മിറ്റിയെ അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ 12-2-2020-ലെ കെ3/238/18/ഉ.വി.വ.]

ഖണ്ഡിക 24, 35, 36 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 21-10-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 24-8-2020-ന് സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 37)

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് വരുമാനം കറവും ചെലവ് കൂടുതലുമായതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു. 8-4-2020-ലെ സർക്കാർ കത്ത് നമ്പർ ജെ1/2/2019/ഉ.വി.വ. പ്രകാരം പയ്യപ്പാടി അപ്ലൈഡ് സയൻസ് കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2,87,16,190 രൂപ (രണ്ടു കോടി

എൺപത്തി ഏഴ് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റിതൊണ്ണൂറ് രൂപ മാത്രം) ഐ.എച്ച്.ആർ.ഡി.-യുടെ 2019-20 പദ്ധതി വിഹിതത്തിലെ തുകയിൽ നിന്നും കണ്ടെത്താവുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 39)

2203-00-112-58—എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

മലപ്പുറം പരപ്പനങ്ങാടിയിലെ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ മലപ്പുറം പരപ്പനങ്ങാടിയ്ക്കായി 27 കോടി രൂപ അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു. നടപ്പുവർഷത്തെ പദ്ധതിയിൽ ആസൂത്രണ വകുപ്പ് മേൽവിഷയം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കുറവായതിനാലും ടി ശിപാർശ ഇപ്പോൾ പരിഗണിക്കാൻ സർക്കാരിന് കഴിയില്ല.

[സർക്കാർ കത്ത് നമ്പർ 20-11-2020-ലെ ജെ1/291/16/ഉ.വി.വ.]

ഖണ്ഡിക 37, 39 എന്നിവയിന്മേലുള്ള നടപടി പത്രികകൾ 28-12-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.]

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

### സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട്*

(ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.)

ശിപാർശ (ഖണ്ഡിക 2)

വിദ്യാലയങ്ങൾക്ക് അടുത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തണമെന്നും കൂടാതെ സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന 100 മീറ്റർ ദൂരപരിധി നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ 500 മീറ്റർ ആയി ഉയർത്തുന്നത് കുട്ടികളെ പുകയില ഉല്പന്നങ്ങളിലേയ്ക്കും മാരകമായ മയക്കുമരുന്നുകളുടെ ഉപയോഗത്തിലേക്കും നയിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് വലിയ തോതിൽ സഹായകരമാകുന്നതാണ്.

എന്നാൽ സ്കൂൾ പരിസരത്തെ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച പ്രവർത്തനങ്ങൾ 2003-ലെ Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) (COTPA) Act പ്രകാരമാണ് നടത്തുന്നത്. ടി ആക്ടിലെ സെക്ഷൻ 6 (b) വകുപ്പ് പ്രകാരം സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 വാര ചുറ്റളവാണ്. ഇത് 500 വാര ആയി ഉയർത്തുന്നതിന് ടി ആക്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. COTPA Act ഒരു കേന്ദ്ര നിയമമായതിനാൽ ടി ആക്ട് ഭേദഗതി ചെയ്യേണ്ടത് കേന്ദ്രസർക്കാരാണ്.

[സർക്കാർ കത്ത് നമ്പർ 7-10-2020-ലെ 122/ജി2/19/നി.വ.]

[21-10-2020-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 2)</u>

വിദ്യാലയങ്ങൾക്ക് അടുത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തണമെന്നും കൂടാതെ സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 11)</u>

മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് ഒന്നാം ക്ലാസ്സ് മുതലുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ഇതിനെതിരെയുള്ള ബോധവൽക്കരണം രക്ഷകർത്താക്കൾക്കും കൂടി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 12)</u>

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ സഹായത്തോടെ സ്കൂളിന് 100-വാര ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ജാഗ്രതാ സമിതികൾ സ്കൂൾ പരിസരത്ത് ലഹരി ലഭ്യത ഇല്ല എന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സ്കൂൾതല ജാഗ്രതാ സമിതികളിൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ അംഗമാണ്. കേരള ലഹരിവർജ്ജന മിഷന്റെ ഭാഗമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

ഏതെങ്കിലും കുട്ടി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ പ്രസ്തുത കുട്ടിക്കും രക്ഷിതാക്കൾക്കും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലമുള്ള ദൂഷ്യഫലങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നടത്തുകയും ഭാവിയിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽനിന്നും പൂർണ്ണമായും മുക്തമാക്കുന്നതിനുള്ള നടപടികൾ സ്കൂൾതലത്തിൽ തന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 2020 ജൂൺ 26-ാം തീയതി വിദ്യാർത്ഥികൾക്കും ജൂൺ 27-ാം തീയതി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി വിക്ടേഴ്സ് ചാനൽ വഴി ബോധവൽക്കരണ ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും കൈറ്റ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട് എന്നും അറിയിച്ചു കൊള്ളുന്നു.

[സർക്കാർ കത്ത് നമ്പർ 20-10-2020-ലെ ജി3/401/17/പൊ.വി.വ.]

[ഖണ്ഡിക 2, 11, 12 എന്നിവയിന്മേലുള്ള നടപടിപത്രിക 21-10-2020-ലെ യോഗത്തിൽ അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 14)</u>

വിദ്യാർത്ഥികളുടെ ശ്രദ്ധ കളികളിലേയ്ക്ക് കൂടി തിരിയുവാനും മയക്കുമരുന്ന് ശൃംഖലകളുടെ വലയിൽപ്പെടാതിരിക്കാനും ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് മതിയായ കളിസ്ഥലങ്ങൾ നിർമ്മിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖ [സ.ഉ. (കൈ.) 11/2018/ത.സ്വ.ഭ.വ. തീയതി 29-1-2018] ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കായികവിനോദ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കളി സ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിന് വേണ്ടിയിട്ടുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പെടെ) ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും ഗ്രാമതല സ്പോർട്സ് കൗൺസിലുകൾ സജീവമാകേണ്ടതാണെന്നും കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി പരിശീലന പരിപാടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-2018 മുതൽ 2020-2021 വരെ 39 കളിസ്ഥലങ്ങൾ (വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ കോർട്ട്) പൂർത്തീകരിക്കുകയും 89 കളിസ്ഥലങ്ങളുടെ പണി പൂർത്തീകരിക്കുന്ന നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ കളികളിലേയ്ക്ക് കൂടി തിരിക്കുവാനും മയക്കമരുന്ന് ശൃംഖലയുടെ വലയിൽപ്പെടാതിരിക്കുവാനും ഗ്രാമപഞ്ചായത്തുകൾ മുൻകയ്യെടുത്ത് മതിയായ കളിസ്ഥലങ്ങൾ നിർമ്മിച്ചുനൽകണമെന്നുള്ള നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

[സർക്കാർ കത്ത് നമ്പർ ഡി.എ 3/65/2018- ത.സ്വ.ഭ.വ., തീയതി 27-11-2020.]

[28-12-2020-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 18)</u>

കോട്പാ (Cigarette & Other Tobacco Products prohibition Act ) (COTPA) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ടിലെ 18-ാം നമ്പർ ശിപാർശ കോട്പാ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ തീർപ്പുകല്പിക്കുന്നതിനായി അതിവേഗ കോടതികൾ സ്ഥാപിക്കണമെന്നതാണ്.

ഇക്കാര്യത്തിൽ ഹൈക്കോടതി സബോർഡിനേറ്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പ്രകാരം, കോട്പാ കേസ്സുകൾ വിചാരണ ചെയ്യുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള കോടതികളിൽ വിചാരണയിലുള്ള കോട്പാ ആക്ടിന്, കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരികയാണെന്നും ആയതിന്റെ വിശകലനത്തിനുശേഷം ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ തീരുമാനം സർക്കാരിനെ അറിയിക്കുന്നതാണെന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

മേൽ വിവരങ്ങൾ നിയമസഭാ സമിതിയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

[സർക്കാർ കത്ത് നമ്പർ 19-10-2020-ലെ സി5/323/2018/ആഭ്യന്തരം.]

[21-10-2020-ലെ യോഗം അംഗീകരിച്ചു.]

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2021 ജൂലൈ 1.

അനുബന്ധം

## 1. 23-7-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ജൂലൈ മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലും ഹാജരായിരുന്നു. താഴെപ്പറയുന്ന അംഗങ്ങൾ ഓൺലൈനിലൂടെ ഹാജരായിരുന്നു:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.
3. ശ്രീ. എം. സ്വരാജ്, എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥ:

ശ്രീമതി ഇന്ദുകല പി., അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
2. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ഡോ. വൃന്ദ വി. നായർ, രജിസ്ട്രാർ (ഇൻ ചാർജ്), കേരള സാങ്കേതിക സർവ്വകലാശാല.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)-ലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രികകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട് ചട്ടം എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)-ലെ 21-26, 36, 49, 79 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും 121-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പൊതുഭരണ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 3340/സബ്.സി.ഇ 1/2019/നി.സെ.]

[റഫറൻസ് നമ്പർ 8-6-2020-ലെ ബി1/424/2019/ഉ.വി.വ.]

[റഫറൻസ് നമ്പർ എ 2/210/2019/ഉ.വി.വ. തീയതി 29-4-2020]

[റഫറൻസ് നമ്പർ എ 1/252/2019/ഉ.വി.വ. തീയതി 1-2-2020]

[റഫറൻസ് നമ്പർ എസ്.ഡി1/16/2019/പൊ.ഭ.വ. തീയതി 11-5-2020]

(2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3340/സബ്.സി.ഇ 1/2019/നി.സെ.)

(3) 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 2863/സബ്.സി.ഇ 1/2020/നി.സെ.]

(4) 2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ

(ഫയൽ നമ്പർ 5335/സബ്.സി.ഇ 1/2015/നി.സെ.)

ടി സർവ്വകലാശാല സംബന്ധിച്ച ആദ്യ സ്റ്റാറ്റ്യൂട്ട് നേരത്തെ വന്നതാണെന്നും ഇത് അദ്ധ്യാപക-അദ്ധ്യാപകേതര സംഘടനകളുമായി ചർച്ചകൾ നടത്തിയതിനുശേഷം തയ്യാറാക്കിയിട്ടുള്ള സമഗ്രമായ റിപ്പോർട്ടാണെന്നും സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നിട്ട് വർഷങ്ങളായെങ്കിലും സ്റ്റാറ്റ്യൂട്ട് പുറപ്പെടുവിക്കാത്തതുകൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ആ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ടെന്നും ആയതിനാൽ ഈ സ്റ്റാറ്റ്യൂട്ട് അടിയന്തരമായി പാസ്സാക്കി നൽകണമെന്നും സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ സമിതി മുൻപാകെ അറിയിച്ചു.

സ്റ്റാറ്റ്യൂട്ട് നിലവിൽ വന്ന് ആറ് മാസത്തിനുള്ളിൽ സർവ്വകലാശാല മാറ്റത്തിന് ഒരു ഓപ്ഷൻ കൂടി മറ്റ് സർവ്വകലാശാല ഉദ്യോഗസ്ഥർക്ക് നൽകുമെന്ന് പറഞ്ഞിട്ടുണ്ടെന്നും, പക്ഷേ കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയും, കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയും മറ്റ് സർവ്വകലാശാലകളിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുവാൻ തയ്യാറല്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് മാത്രമാണ് ഓപ്ഷൻ കൊടുക്കാൻ അവസരമുള്ളതെന്നും അവ ഏതൊക്കെ തസ്തികകളാണെന്നും സ്റ്റാറ്റ്യൂട്ടിൽ പറയുന്നുണ്ടെന്നും മറ്റ് തസ്തികകളിലുള്ളവർക്ക് അങ്ങനെയൊരു ഓപ്ഷൻ ലഭ്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തേണ്ട തസ്തികകളുടെ ഒഴിവുകൾക്ക് പുറമേ സർവ്വകലാശാല സ്ഥാപിക്കുന്നതുവഴി മറ്റ് സർവ്വകലാശാലയിൽ നിന്ന് സമാന തസ്തികകൾ വഴി ഇങ്ങോട്ട് വരാനുള്ള രണ്ടാമത്തെ ഓപ്ഷനുണ്ടെന്നും, എന്നാൽ കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയും, കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയും ഇങ്ങനെയുള്ള ഓപ്ഷൻ കൊടുക്കാൻ തയ്യാറല്ലെന്നും അതുപോലെ തന്നെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ഉദ്യോഗസ്ഥർ ഈ രണ്ട് സർവ്വകലാശാലകളിലേയ്ക്ക് പോകാൻ തയ്യാറല്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

മറ്റ് സർവ്വകലാശാലയിൽ നിന്ന് വന്ന ഇരുപതോളം ഉദ്യോഗസ്ഥരുണ്ടെന്നും, റീ ഓപ്ഷൻ വിളിക്കുക വഴി അവർ ഉന്നത തസ്തികയിലേയ്ക്കായിരിക്കും വരിക എന്നും അങ്ങനെ വരുമ്പോൾ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിലുള്ള ജീവനക്കാർക്ക് അർഹമായ സംരക്ഷണം ലഭിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നും, അതുകൊണ്ട് റീ-ഓപ്ഷൻ വേണമോ എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട സമിതി പുനരവലോകനം ചെയ്യണമെന്നും അല്ലാത്തപക്ഷം ആയത് സർവ്വകലാശാലയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയിടയിൽ വളരെയധികം അതൃപ്തിക്ക് കാരണമാകുമെന്നും അത് സർവ്വകലാശാലയുടെ സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നും രജിസ്ട്രാർ അറിയിച്ചു. കൂടാതെ 2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടിലെ മൂന്നാം അദ്ധ്യായത്തിൽ 87-ാം പേജിൽ (xxvii), (xxviii) എന്നീ ഖണ്ഡികകൾ ഇക്കാര്യത്തെ സംബന്ധിച്ച് പറയുന്നുണ്ടെന്നും അതിൽ ഖണ്ഡിക (xxviii)ൽ " നിയമനങ്ങളും പ്രൊമോഷനുകളും സിൻഡിക്കേറ്റ് തയ്യാറാക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് പുനരവലോകനം ചെയ്യുക" എന്നുപറയുന്നത് ഇതിനോട് കൂട്ടി ചേർത്ത് വായിക്കാവുന്നതു തന്നെയാണെന്നും കേരള സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ കൂട്ടിച്ചേർത്തു.

സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നശേഷം ടി കാര്യം പരിശോധിക്കാമെന്നും അങ്ങനെ എന്തെങ്കിലും പ്രായോഗിക പ്രശ്നങ്ങളോ ബുദ്ധിമുട്ടുകളോ ഉണ്ടാകുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കുമെന്നും ഈ വിഷയം കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ വന്നപ്പോൾ സംഘടനകളുമായി ഒന്നുകൂടി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അവരുമായി ചർച്ച നടത്തിയെന്നും ഇതൊന്നും കോടതിയിൽ ചോദ്യം ചെയ്യാതിരിക്കാൻ സുദീർഘമായ ചർച്ചകൾ നടത്തിയും നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തിയും നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്റ്റാറ്റ്യൂട്ട് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നത് എന്ന് സമിതി അറിയിച്ചു.

'2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ'-ലെ അദ്ധ്യായം 2 പേജ് നമ്പർ 31-ൽ രജിസ്ട്രാർ എന്ന തലക്കെട്ടിൽ യോഗ്യതകൾ എന്ന 38-ാം ഖണ്ഡികയിലെ അവസാന വാചകം "ഇരുപത് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയവും അതിൽ 5 വർഷം സർവ്വകലാശാലയോ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ അംഗീകരിച്ച പ്രൊഫസറായും ബാക്കിയുള്ള 15 വർഷം എഞ്ചിനീയറിംഗ് മേഖലയിൽ പഠന, അദ്ധ്യാപന രംഗത്ത് പ്രവർത്തിച്ചയാളും ആയിരിക്കേണ്ടതാണ്"' എന്നത് ഒഴിവാക്കണമെന്ന ഭേദഗതി സമിതി നിർദ്ദേശിച്ചു.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടിൽ പീഠിക കൂടി ഉൾപ്പെടുത്തണമെന്നും കൂടാതെ അദ്ധ്യായം 1-ൽ ഖണ്ഡിക 1 (1) ലെ '2019' എന്നത് '2020' എന്നാക്കണമെന്നും നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറി സമിതിയെ അറിയിച്ചു.

മേൽപ്പറഞ്ഞ രണ്ട് ഭേദഗതികളോടുകൂടി 2019-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് സമിതി അംഗീകരിച്ചു.

(5) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്മേൽ ലഭ്യമായ കരട് ചട്ടം.

(ഫയൽ നമ്പർ 316/സബ്.സി.ഇ 1/2015/നി.സെ.)

ടി കരട് ചട്ടം നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് നൽകിയിട്ടില്ലെന്നും The Kerala Public Service Commission (Additional Functions as Respects the Library Councils) Act എന്ന പേരിൽ 2014-ൽ ഒരു ആക്ട് ഇറങ്ങിയിട്ടുണ്ടെന്നും ആ ആക്ടിന്റെ സെക്ഷൻ 40 ആധാരമാക്കി കൺസൾട്ടേഷൻ റൂൾസ് ഇറക്കേണ്ടതായിട്ടുണ്ടെന്നും, ആയത് ഇതിൽ ചെയ്തിട്ടില്ലെന്നും, റൂൾ ഇറങ്ങുമ്പോൾ അതിന്റെ previous publication-നും മറ്റ് കാര്യങ്ങളുമൊക്കെ ചെയ്യേണ്ടതായിട്ടുണ്ടെന്നും അത്തരം നടപടികൾ ചെയ്തതായി കാണുന്നില്ലെന്നും നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറി പറഞ്ഞത് ശരിയാണെന്നും, ലൈബ്രറി കൗൺസിൽസ് സ്റ്റാഫിന്റെ ഡ്രാഫ്റ്റ് റിക്രൂട്ട്മെന്റ് റൂൾസ് നിയമ വകുപ്പ് പരിശോധിക്കാതെയാണ് നൽകിയതെന്നും അതുകൊണ്ട് അത് തിരിച്ചയച്ചാൽ നിയമ വകുപ്പിൽ കൊടുത്ത് സൂക്ഷ്മപരിശോധന ചെയ്തതിനുശേഷം തിരിച്ച് നൽകാമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

നിയമ വകുപ്പ് പരിശോധിക്കും മുമ്പ് കൺസൾട്ടേഷൻ റൂൾസ് ഇറക്കേണ്ടതായിട്ടുണ്ടെന്നും അതിനുശേഷമാണ് കരട് ചട്ടം തയ്യാറാക്കേണ്ടതെന്നും ടി കരട് ചട്ടം സംബന്ധിച്ച ഫയൽ നിയമ വകുപ്പിന് ലഭ്യമായില്ലെന്നും അഡീഷണൽ ലാ സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമ വകുപ്പിൽ നിന്നും വെറ്റ് ചെയ്ത് തയ്യാറാക്കിയ കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 2. 21-10-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ഒക്ടോബർ മാസം 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാക്കളായി ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ : (ഗൂഗിൾ മീറ്റിലൂടെ)

1. ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ.
2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീമതി ഇന്ദുകല പി., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ഹെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയം മൃഗശാലാ വകുപ്പ്.
5. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്.
6. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ (ഇൻ ചാർജ്), പുരാവസ്തു വകുപ്പ്.
7. ശ്രീ. ജയകുമാർ എസ്., കൺസർവേഷൻ ഓഫീസർ, പുരാവസ്തു വകുപ്പ്.
8. ശ്രീ. വൈ. മുഹമ്മദ് റിജാം, അണ്ടർ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

<u>ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു:</u>

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
4. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
5. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ്.
6. ശ്രീ. അനന്തകൃഷ്ണൻ എസ്, കമ്മീഷണർ, എക്സൈസ് വകുപ്പ്.
7. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
8. ശ്രീമതി സുജാത മാരാർ, ജോയിന്റ് രജിസ്ട്രാർ, ഹൈക്കോടതി.
9. ശ്രീ. അനിൽകുമാർ വി. എസ്., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

പ്രസ്തുത യോഗത്തിൽ സമിതി Museum and Zoos (including Sri Chitra Art Gallery) Subordinate Service (Amendment) Special Rules 2020 എന്ന കരട് ചട്ടം, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പുകൾ, ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളവ സംബന്ധിച്ച കുറിപ്പുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

സമിതി യോഗത്തിൽ പരിഗണിച്ച വിഷയങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

## I കരട് ചട്ടം

Museum and Zoos (including Sri Chitra Art Gallery) Subordinate Service (Amendment) Special Rules 2020

(ഫയൽ നമ്പർ 3728/സബ്.സി.ഇ 1/2020/നി.സെ)

പ്രസ്തുത കരട് ചട്ടം തയ്യാറാക്കുവാനുണ്ടായ സാഹചര്യം മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. 2011-ൽ മൃഗശാല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതി, മൃഗശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി മറ്റ് തസ്തികകൾക്കൊപ്പം ഒരു ബയോളജിസ്റ്റിന്റെ തസ്തിക കൂടി സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് ശിപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2013-ൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ ഒരു ബയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ടി തസ്തിക വകുപ്പിന്റെ നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടാത്തതുകാരണം പി.എസ്.സി. മുഖേനയുള്ള നിയമനം സാദ്ധ്യമായിരുന്നില്ല. പി.എസ്.സി മുഖേനയുള്ള നിയമനം സാദ്ധ്യമാക്കുന്നതിനായി ടി തസ്തിക സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനായാണ് ടി കരട് ചട്ടം തയ്യാറാക്കിയിരിക്കുന്നതെന്നും ആയത് സമിതി അംഗീകരിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചു. ഇത് സംബന്ധിച്ച കരട് ചട്ടം അംഗീകരിക്കുന്നതിന് നിയമ തടസ്സമൊന്നുമില്ലെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത കരട് ചട്ടം സമിതി ഭേദഗതികൾ കൂടാതെ അംഗീകരിച്ചു.

## II ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) തുടർ നടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

24, 35, 36 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 12-2-2020-ലെ കെ3/238/18/ഉ.വി.വ.) നമ്പർ കത്ത്.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-2018) തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ.നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നും ലഭ്യമായ 42-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടിപത്രിക, സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 29-1-2020-ലെ ജെ1/353/19/ഉ.വി.വ. നമ്പർ കത്ത്)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.)

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പിൽനിന്നും ലഭ്യമായ 72-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടിപത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 22-6-2020-ലെ കെ3/312/19/ഉ.വി.വ. നമ്പർ കത്ത്)

**III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ**

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)-ലെ 37, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികയും, കാലതാമസ പത്രികയും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും. ആയത് എത്രയും വേഗം ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18) തുടർനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

41, 56, 57, 60, 70, 73, 81 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികയും കാലതാമസപത്രികയും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ഉടനെ ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

ഖണ്ഡിക 57 സംബന്ധിച്ച അധികവിവരം ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ ധനകാര്യ വകുപ്പിൽ ആവശ്യമായ നടപടികൾ കൈക്കൊണ്ടതിനുശേഷം ഫയൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടായിരുന്നുവെന്നും മറുപടി തയ്യാറാക്കി നൽകേണ്ടത്. ഉന്നതവിദ്യാഭ്യാസ വകുപ്പാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

3. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3958/സബ്.സി.ഇ 1/2015/നി.സെ.)

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ 21, 23, 29 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടിപത്രിക ലഭ്യമാക്കാത്തത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

<u>ഖണ്ഡിക നമ്പർ 21</u>

കുട്ടികളുടെ ശാരീരികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കണമെന്നാണ് ശിപാർശയെന്നും സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യം ആയതിനാൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിന് കുറച്ച് സാവകാശം അനുവദിക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അഭ്യർത്ഥിച്ചു.

കായിക അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം ഗഹനമായി പരിശോധിക്കണമെന്നും, ഹൈസ്കൂൾ വരെ കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമായിരുന്നുവെന്നും, എന്നാൽ ഹൈസ്കൂൾ, ഹയർ സെക്കന്ററിയുടെ ഭാഗമായതോടുകൂടി ഇക്കാര്യത്തിൽ ഒരു വ്യക്തത യുമില്ലെന്നും, ഹയർസെക്കന്ററി വിഭാഗക്കാർക്ക് ഇത്തരം മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് കൃത്യമായിട്ടുള്ള ട്രെയിനിംഗോ, മറ്റു കാര്യങ്ങളോ നടക്കുന്നില്ലെന്നും 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ഒരു യൂണിറ്റായി കണക്കാക്കി രണ്ട് സ്കൂളുകളിൽ ഒരു അദ്ധ്യാപകൻ എന്ന നിലയിലെങ്കിലും ഇത് പരിഗണിക്കാൻ കഴിയുമോയെന്ന് ആലോചിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സർവ്വശിക്ഷാ അഭിയാന്റെ ഭാഗമായി കായിക അദ്ധ്യാപകരെ സർക്കാർ വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും, സമിതി സൂചിപ്പിച്ചതുപോലെ എല്ലാ കുട്ടികൾക്കും കായിക പരിശീലനം ലഭ്യമാക്കുന്ന തരത്തിലുള്ള വിദ്യാലയങ്ങളുടെ ക്ലസ്റ്ററിംഗ് നടത്തി ടി സൗകര്യം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചതിനുശേഷം വ്യക്തമായിട്ടുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി സമിതി മുമ്പാകെ ലഭ്യമാക്കാമെന്നാണ് കരുതുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

## ഖണ്ഡിക നമ്പർ 23

ഹയർസെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ്, ക്ലാർക്ക് തുടങ്ങിയവരെ നിയമിക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിരുന്നുവെന്നും, സമിതിയുടെ ശിപാർശ അതായിരുന്നുവെന്നും സംയോജിപ്പിക്കലിന്റെ പശ്ചാത്തലത്തിൽ സുപ്രീംകോടതിയിൽ ഒരു എസ്.എൽ.പി. (സ്പെഷ്യൽ ലീവ് പെറ്റീഷൻ) ഫയൽ ചെയ്തിട്ടുണ്ടെന്നും അതിന്റെ വിധി വന്നിട്ടില്ലെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

## ഖണ്ഡിക നമ്പർ 29

ഉച്ചഭക്ഷണ പദ്ധതി ഹയർസെക്കന്ററി വിഭാഗത്തിലേയ്ക്കുകൂടി നടപ്പിലാക്കണമെന്നതാണ് ശിപാർശയെന്നും ഒന്നാം ക്ലാസ് മുതൽ എട്ടാംക്ലാസ് വരെയുള്ള കുട്ടികൾക്കാണ് നിലവിൽ കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതികൾ നടപ്പാക്കുന്നതെന്നും, കേന്ദ്രം നൽകുന്നതിനെക്കാൾ കൂടുതൽ സാമ്പത്തികസഹായം സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്നും, ഇത് 9-ാം ക്ലാസ്സിലേയ്ക്ക് നീട്ടുകയാണെങ്കിൽ ഏകദേശം 219 കോടി രൂപ അധികമായി വേണ്ടി വരുമെന്നും, അങ്ങനെ വരുമ്പോൾ ഏകദേശം 876 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ 12-ാം ക്ലാസ്സ് വരെ നീട്ടാൻ കഴിയുകയുള്ളുവെന്നും, സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ ആയത് എങ്ങനെ നടപ്പിലാക്കാമെന്ന് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

9-ാം, ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽപ്പോലും കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സഹായകരമായിരിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

പല ഹൈസ്കൂളുകളിലും ബാക്കി വരുന്ന ഭക്ഷ്യധാന്യങ്ങൾ ഒൻപത് പത്ത് ക്ലാസ്സുകളിലേയ്ക്ക് കൊടുക്കുന്നുണ്ടെന്നും, മുതിർന്ന കുട്ടികളായതുകൊണ്ട് അതിനനുസരിച്ചുള്ള ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടുത്തണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

ഖണ്ഡിക 21, 23, 29 എന്നീ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ താമസംവിനാ ലഭ്യമാക്കണമെന്ന് സമിതി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

4. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.)

എല്ലാ സ്കൂളുകളിലും 100 മീറ്ററിനുള്ളിൽ ലഹരി വസ്തുക്കൾ വിൽക്കരുതെന്ന് രേഖപ്പെടുത്തിയിട്ടുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ഈ വിഷയം സംബന്ധിച്ച് വിപുലമായിട്ടുള്ള ക്യാമ്പയിൻ സ്കൂളുകളിൽ നടത്തിയിട്ടുണ്ടെന്നും, കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽപ്പോലും ഈ വർഷത്തെ ലഹരിവിരുദ്ധ ദിനത്തിൽ വിക്ടേഴ്സ് ചാനൽ വഴി വളരെ വിശദമായ ക്ലാസ്സുകളും നടത്തിയിട്ടുണ്ടെന്നും, സ്കൂൾ കുട്ടികൾക്കിടയിൽ ഈ വിപത്തിനെ സംബന്ധിച്ച് കൃത്യമായ ഒരു അവബോധം നൽകുന്നതിന് എക്സൈസ് വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും, സ്കൂൾ തുറക്കുന്ന സമയത്ത് ആയത് കൂടുതൽ വിപുലമായി ചെയ്യാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

സർക്കാർ, വിമുക്തി മിഷന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം വളരെ വ്യാപകമായി നടത്തുന്നുണ്ടെന്ന് എക്സൈസ് കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു. ഏകദേശം 5000-ത്തിൽ കൂടുതൽ സ്കൂളുകളിൽ ആന്റിനാർക്കോട്ടിക് ക്ലബ്ബ് സംഘടിപ്പിച്ചിട്ടുണ്ടെന്നും അതുപോലെ ഏകദേശം 500-ൽ പരം കോളേജുകളിലും ഇത് വ്യാപകമായി സംഘടിപ്പിക്കുന്നുണ്ടെന്നും, ഇതുവരെയുള്ള കണക്കുകൾ നോക്കിയാൽ, 24145 കിലോ നിരോധിച്ചിട്ടുള്ള പാൻമസാല, ഗുഡ്ക പോലെയുള്ള സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും കേരള പോലീസ് ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട് മുതലായവ കൂടുതലായി ഉപയോഗിക്കാനുള്ള അധികാരം പോലീസ് വകുപ്പിനാണെന്നും, എക്സൈസ് വകുപ്പിന് ഇപ്പോൾ COTPA (Cigarettes and other Tobacco Products) Act മാത്രമേ പ്രയോഗിക്കാനുള്ള അധികാരമുള്ളുവെന്നും പരമാവധി ഫൈനായി കൊടുക്കാൻ അധികാരമുള്ളത് 200 രൂപയാണെന്നും ഇത് ദൂരവ്യാപകമായ ദോഷഫലമുളവാക്കുന്ന സംഗതിയായതിനാൽ 200 രൂപ എന്നുള്ളത് 2000 രൂപ ആക്കണമെന്ന ശിപാർശ നൽകിയിട്ടുണ്ടെന്നും അതുപോലെ അതിർത്തി കടന്നുവരുന്ന മീഡിയം സൈസ് വാഹനങ്ങളിലും പച്ചക്കറി കൊണ്ടുവരുന്ന വാഹനങ്ങളിലുമാണ് ലഹരി വസ്തുക്കൾ കൂടുതലായി വരുന്നതെന്നും NDPS (Narcotic Drugs and Psychotropic Substances) ആക്ടിലും അബ്കാരി ആക്ടിലുമുള്ളതുപോലെ ഒരു നിശ്ചിത അളവിൽ കൂടുതൽ സാധനം കൊണ്ടുവരുന്നുണ്ടെങ്കിൽ വാഹനം പിടിച്ചെടുക്കാനുള്ള നിയമം ഉണ്ടെങ്കിൽ ഇത് നിർത്തലാക്കാൻ സാധിക്കുമെന്ന് എക്സൈസ് വകുപ്പ് കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു.

മേയ് 2019-ലെ കണക്കനുസരിച്ച് 11309 COTPA കേസ്സുകളാണുള്ളതെന്നും പല മജിസ്ട്രേറ്റ് കോടതികളിലായിട്ടാണ് കേസ്സുകൾ നടന്നുകൊണ്ടിരിക്കുന്നതെന്നും 8782 കേസ്സുകളാണ് നിലവിലുള്ളതെന്നും, ഇപ്പോൾ അത് കുറഞ്ഞുവരുന്നുണ്ടെന്നും, മജിസ്ട്രേറ്റ് കോടതികളിലുള്ള കേസ്സുകൾ വളരെ കൂടുതലാണെന്നും, പതിനായിരത്തിന് മുകളിലാണ്

ഓരോ കോടതിയിലും കേസ്സുകൾ വരുന്നതെന്നും അതുകൊണ്ട് ഇതിനിടയ്ക്ക് വരുന്ന കേസ്സുകൾ സമയബന്ധിതമായി തീർക്കാൻ കഴിയുന്നില്ലെന്നും സ്പെഷ്യൽ കോർട്ട് ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അതിനെ സ്വാഗതം ചെയ്യുമെന്നും ജില്ലയിൽ ഒരു കോടതിയെങ്കിലും സ്പെഷ്യൽ കോർട്ടായി നിർദ്ദേശിച്ചാലും മതിയാകുമെന്നും അങ്ങനെയാണെങ്കിൽ കേസ്സുകൾ വളരെ വേഗത്തിൽ തീർപ്പാക്കാൻ സാധിക്കുമെന്നും കൊല്ലം, എറണാകുളം എന്നീ രണ്ട് ജില്ലകളിൽ ബുക്ക് ചെയ്തിരിക്കുന്ന കേസ്സുകളുടെ എണ്ണം വളരെ കൂടുതലാണെന്നും, ഇപ്പോൾ എറണാകുളത്ത് 5301 കേസ്സുകളും കൊല്ലത്ത് 1470 കേസ്സുകളാണുമുള്ളതെന്നും ഒരു മജിസ്ട്രേറ്റ് കോടതി ഒരു ജില്ലയിൽ അനുവദിച്ചാൽ അതിന് കൂടുതൽ ഗൗരവം ഉണ്ടാകുമെന്നാണ് മനസ്സിലാക്കുന്നതെന്നും, ഇതു സംബന്ധിച്ച കാര്യങ്ങൾ ഹൈക്കോടതി ജോയിന്റ് രജിസ്ട്രാർ വിശദീകരിക്കുമെന്നും നിയമസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ചീഫ് ജസ്റ്റിസ്, ചീഫ് സെക്രട്ടറി, സ്റ്റേറ്റ് പോലീസ് ചീഫ് എന്നിവരുമായി ധാരാളം മീറ്റിംഗുകൾ നടത്തിയതിനുശേഷം ജനുവരിയിൽ പെറ്റികേസ് പരിശോധിച്ച് ജില്ലയിലെ ഓരോ കോടതിയിലെയും പെൻഡിംഗ് ലിസ്റ്റുകൾ എടുത്തിരുന്നുവെന്നും ഈ ലിസ്റ്റുകൾ വച്ച് ഓരോ ജില്ലയിലും അദാലത്ത് നടത്തി കേസ്സുകൾ തീർപ്പാക്കാൻ തീരുമാനിച്ചെങ്കിലും കോവിഡ്-19 പ്രശ്നം ഉണ്ടായതിനാൽ ഇത് പരിഹരിക്കാൻ സാധിച്ചില്ലെന്നും ഭൂരിഭാഗവും പെറ്റി കേസ്സുകളായതു കൊണ്ട് തീർപ്പാക്കാൻ സാധിക്കുന്നതാണെന്നും, ഒരു അദാലത്ത് നടത്തിയാൽ നല്ല രീതിയിൽ കേസ്സുകൾ തീർപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ഹൈക്കോടതി ജോയിന്റ് രജിസ്ട്രാർ സമിതി മുമ്പാകെ അറിയിച്ചു.

അദാലത്തു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് പെറ്റികേസ്സുകൾ തീർപ്പാക്കാൻ അദാലത്തുകൾ നടത്തുന്നതായിരിക്കും നല്ലതെന്നും COTPA പ്രകാരം രജിസ്റ്റർ ചെയ്യുന്നതിൽ പലതും പെറ്റി കേസ്സുകളാണെന്നും സമൻസ് സെർവ് ചെയ്യാൻ സാധിക്കാത്തതും അഡ്രസ് ശരിയല്ലാത്തതുമായ കേസ്സുകളാണ് തീർപ്പാക്കാനുള്ളതെന്നും ഹൈക്കോടതി ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പുകയില പോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗങ്ങൾ കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് കൂടുതൽ ഊന്നൽ നൽകണമെന്നും ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ട് എന്തെല്ലാം ദോഷങ്ങളാണ് ശരീരത്തിന് ഉണ്ടാകുന്നതെന്നുള്ള ഒരു ദൃശ്യവൽക്കരണ അവബോധം നടത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമെന്നും, ലഹരി വസ്തുക്കളുടെ പ്രലോഭനത്തിൽ വീഴാതെ അതിശക്തമായ പ്രതിരോധ ശക്തി മനസ്സിൽ ഉണ്ടാക്കുക എന്നതാണ് ഈ വിപത്ത് തടയാനുള്ള മാർഗ്ഗമെന്നും ആ രീതിയിലുള്ള പ്രവർത്തനം നിയമ വകുപ്പും വിദ്യാഭ്യാസ വകുപ്പും കൂടി നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഇപ്രകാരം ദൃശ്യ-ശ്രവ്യ മാധ്യമത്തിലൂടെയുള്ള ബോധവൽക്കരണം പുകയിലയെ ക്കുറിച്ച് അധികം ചെയ്തിട്ടില്ലെന്നും, മദ്യം, മയക്കമരുന്ന് തുടങ്ങിയ കാര്യങ്ങളിലാണ് കൂടുതലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെന്നും, പുകയിലമൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെ ക്കുറിച്ചുള്ള ബോധവൽക്കരണം ഇനിയുള്ള പ്രോഗ്രാമിൽ ഉൾപ്പെടുത്താമെന്നും എക്സൈസ് കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു.

പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം അപകടം ഉണ്ടാക്കുമെന്ന് ജനങ്ങളെ പൂർണ്ണമായും ബോദ്ധ്യപ്പെടുത്തി കീടനാശിനിക്കെതിരെയുള്ള പ്രതിരോധം വളർത്തി യെടുത്തതുപോലെ, പുകവലി, മയക്കമരുന്നുകൾ എന്നിവ ശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും സ്കൂൾ കുട്ടികളുടെ മനസ്സിൽ ആഴത്തിൽ പതിക്കുന്ന വിധത്തിൽ ദൃശ്യവൽക്കരിച്ചാൽ ആയതിന്റെ അപകടം എല്ലാവർക്കും മനസ്സിലാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കുട്ടികളുടെ വീടുകളിലെ പശ്ചാത്തലവിഷയം, കുടുംബ വഴക്ക് എന്നിവയും ഒരു കാരണമാകുന്നതിനാൽ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തുന്ന തിനോടൊപ്പം അവരുടെ വീടുകളിൽ കൂടി ബോധവൽക്കരണം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ച് മൂന്ന് ശിപാർശകളാണ് ഉണ്ടായിരുന്നതെന്നും, ലഹരി പദാർത്ഥങ്ങൾ ഒന്നിലധികം തവണ പിടിക്കപ്പെടുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് റദ്ദാക്കുക എന്നുള്ളതാണ് ഒരു ശിപാർശയെന്നും മുനിസിപ്പാലിറ്റി ആക്ട് അനുസരിച്ച് ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ലൈസൻസ് നൽകുന്നതെന്നും, ആ വ്യവസ്ഥകൾ ലംഘിക്കുമ്പോൾ മാത്രമേ ലൈസൻസ് റദ്ദാക്കാൻ കഴിയുന്നുള്ളുവെന്നും, മുനിസിപ്പാലിറ്റി ആക്ട് ഇതിനനുസരിച്ച് ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും, അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വിദ്യാർത്ഥികളുടെ ശ്രദ്ധ കളികളിലേക്ക് കേന്ദ്രീകരിക്കുവാനും മയക്കമരുന്ന് ശൃംഖലകളുടെ വലയിൽ പെടാതിരിക്കാനും ഗ്രാമപഞ്ചായത്തുകൾ മുൻകയ്യെടുത്ത് കളിസ്ഥലങ്ങൾ നിർമ്മിക്കാനും സാധിക്കണമെന്ന ശിപാർശയിന്മേൽ, വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കായിക-വിനോദ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളെ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും പ്രോജക്ട് വയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി പഞ്ചായത്ത് ഡയറക്ടർക്കും മുനിസിപ്പാലിറ്റി ഡയറക്ടർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് തയ്യാറാക്കി രണ്ട് ദിവസത്തിനകം ലഭ്യമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിക്കുവാനുള്ള നടപടി പത്രികകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

18-ാം നമ്പർ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും, 2-ാം നമ്പർ ശിപാർശയിന്മേൽ നികുതി (ജി) വകുപ്പിൽ നിന്നും ലഭ്യമായ അധിക വിവരം സംബന്ധിച്ച നടപടി പത്രികയും, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 2, 11, 12 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 'The State Institute of Encyclopaedic Publication (Kerala) Society General & Subordinate Service Rules - 2018' റദ്ദ് ചെയ്തു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്.

[ഫയൽ നമ്പർ 1849/സബ്.സി.ഇ 1/2020/നി.സെ.]

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതി സർവ്വീസ് റൂൾസ് സംബന്ധിച്ച വിഷയം വീണ്ടും പരിഗണിക്കുന്നുണ്ടെന്നും, ഭരണ സമിതിയിൽ വച്ച് അംഗീകരിച്ചതിനുശേഷം ആയത് വീണ്ടും സർക്കാരിലേയ്ക്ക് താമസിയാതെ നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും വിഷയം നോട്ടിഫൈ ചെയ്യേണ്ടതായിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് നേരത്തെ പുറപ്പെടുവിച്ച SRO റദ്ദ് ചെയ്തെന്നും, കുറെയേറെ തസ്തികകളിലും യോഗ്യതകളിലും മാറ്റങ്ങളൊക്കെ ഉണ്ടായിരുന്നുവെന്നും, ആയത് പി.എസ്.സി. അംഗീകരിച്ചിട്ടില്ലെന്നും, അതുകൊണ്ടാണ് ആ തസ്തികകൾ റദ്ദ് ചെയ്തെന്നും, വീണ്ടും ഒന്നും കൂടി പുനഃക്രമീകരിച്ച് അവർ സമർപ്പിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഉത്തരവ് ഇറക്കേണ്ടതുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

എത്രയും വേഗം പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഭരണ സമിതിയുമായി ബന്ധപ്പെട്ട് എത്രയും വേഗം റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

6. Kerala Higher Secondary Education Subordinate Service (Amendment) Rules, 2019- കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

[ഫയൽ നമ്പർ 5047/സബ്.സി.ഇ 1/2019/നി.സെ.]

പ്രസ്തുത കരട് ചട്ടം തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണെന്നും, അത് പൂർത്തിയാക്കുന്നതിനുവേണ്ടി കുറച്ച് സാവകാശം കൂടി അനുവദിച്ച് തരണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയോടഭ്യർത്ഥിച്ചു.

എച്ച്.എസ്.എസ്.റ്റി. ബൈടാൻസ്റ്റർ നിയമനവുമായി ബന്ധപ്പെട്ട് 4 ഹർജികൾ സമിതിക്ക് ലഭിച്ചത് പരിഗണിക്കുകയും, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണ വും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സബ്ജക്ട് കമ്മിറ്റിക്ക് വ്യക്തികളിൽ നിന്നും പരാതി സ്വീകരിച്ച് നടപടി കൈക്കൊള്ളാൻ നിർവ്വാഹമില്ലാത്തതിനാൽ ഹർജികൾ നിരസിച്ച്, ടി വിവരം ഹർജിക്കാരെ അറിയിച്ച് ഫയൽ ക്ലോസ് ചെയ്യാമെന്നും സമിതി തീരുമാനിച്ചു.

7. Kerala Archaeological State Service Special Rules, Kerala Archaeological Subordinate Service Special Rules - എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

[ഫയൽ നമ്പർ 6562/സബ്.സി.ഇ 1/2014/നി.സെ.]

പുരാവസ്തു വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ചില നടപടികൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും, ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച് രണ്ട് വകുപ്പുകളുമായി ചർച്ച നടത്തുകയും നിയമ വകുപ്പിന്റെ പരിശോധന പൂർത്തിയാക്കി തയ്യാറാക്കിയ കരട് റിപ്പോർട്ട് 29-11-2019 ന് പി.എസ്.സി-ക്ക് സമർപ്പിച്ചുവെന്നും പത്ത് മാസം കഴിഞ്ഞിട്ടും റിപ്പോർട്ട് ലഭിക്കാത്തതിനെത്തുടർന്ന് ആയത് ലഭിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ച് വരുന്നുവെന്നും പി.എസ്.സി.-യിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ആയത് സമിതിയെ അറിയിക്കുന്നതാണെന്നും ഹാജരായ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

IV. <u>ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളവ:</u>

1. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച ചുമതലകൾ) ആക്ട്.

[ഫയൽ നമ്പർ 316/സബ്.സി.ഇ 1/2015/നി.സെ.]

ലൈബ്രറി കൗൺസിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള ആക്ടാണിതെന്നും, ആയതിൽ റൂൾസ് തയ്യാറാക്കണമായിരുന്നുവെന്നും, റൂൾസ് തയ്യാറാക്കിയത് ഇംഗ്ലീഷിലായിരുന്നുവെന്നും, അത് നിയമ വകുപ്പിലേക്ക് അയച്ചപ്പോൾ റൂൾസ് മലയാളത്തിൽത്തന്നെ വേണമെന്നാണ് ആവശ്യപ്പെട്ടതെന്നും അതിപ്പോൾ തർജ്ജമചെയ്തു കൊണ്ടിരിക്കുകയാണെന്നും ഉടനെതന്നെ അതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കി ഡിസംബറിനുള്ളിൽ കരട് ചട്ടം തയ്യാറാക്കേണ്ടത് അത്യാവശ്യമാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

ലൈബ്രറി കൗൺസിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള ആക്ടിന്റെ കീഴിൽ റൂൾസ് ഉണ്ടാക്കണമെന്നും അതിനുശേഷം മാത്രമേ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ചിരിക്കുന്ന റൂൾസ് തയ്യാറാക്കാൻ സാധിക്കുകയുള്ളുവെന്നും, അതനുസരിച്ചുള്ള മറുപടിയാണ് ബന്ധപ്പെട്ട വകുപ്പിന് നൽകിയതെന്നും നിയമ വകുപ്പ്

അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിനുമുമ്പ് ആദ്യം 2014-ലെ ആക്ടിന്റെ കീഴിൽ ഇറക്കിയിട്ടുള്ള സെക്ഷൻ 4-പ്രകാരം ഒരു റൂൾ ഉണ്ടാക്കണമെന്നും അതായത് ലൈബ്രറി കൗൺസിലെ ഏതൊക്കെ തസ്തികകളാണ് പി.എസ്.സി.-ക്ക് വിടേണ്ടതെന്നും, പി.എസ്.സി.-ക്ക് വിടുമ്പോൾ എന്തൊക്കെ നടപടികളാണ് ചെയ്യേണ്ടതെന്നും, ലൈബ്രറി കൗൺസിൽ കമ്മ്യൂണിക്കേഷൻ അഡ്രസ് ചെയ്യേണ്ടത് ആർക്കാണെന്നും, തുടങ്ങിയ കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു റൂൾ ഇറക്കണമെന്നും, ടി റൂൾ ഇറക്കിയതിനുശേഷം മാത്രമേ സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂവെന്നും, 2014- ലെ ആക്ടിന്റെ കീഴിലുള്ള റൂൾ നിയമ വകുപ്പിന് ലഭിച്ചിട്ടില്ലെന്നും 2014-ലെ ആക്ടിന്റെ കീഴിലിറക്കുന്ന റൂൾ മലയാളത്തിൽ തയ്യാറാക്കി തരണമെന്നാണ് ആവശ്യപ്പെടുന്നതെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആദ്യം കൺസൾട്ടേഷൻ റൂൾസ് തയ്യാറാക്കണമെന്നും അതിനുശേഷമാണ് ഒറിജിനൽ റൂൾസിലേയ്ക്ക് പോകേണ്ടതെന്നും നിയമസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കരട് ചട്ടം തയ്യാറാക്കി താമസംവിനാ ലഭ്യമാക്കണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

2. 2014-ലെ സർവ്വകലാശാല നിയമനങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്.

(ഫയൽ നമ്പർ 1103/സബ്.സി.ഇ 1/2015/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച് കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും, നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കയച്ച ശേഷം നിയമസഭാ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണെന്നും ഇതിന് ഒരു മാസത്തെ സമയം വേണ്ടിവരുമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

കരട് ചട്ടം തയ്യാറാക്കി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

3. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്-കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ. നമ്പർ 1071/സബ്.സി.ഇ 1/2016/നി.സെ.)

പ്രസ്തുത വിഷയം ഇപ്പോൾ അന്തിമ ഘട്ടത്തിലാണെന്നും പി.എസ്.സി-യുടെ റിമാർക്സിന് അയച്ചിട്ടുണ്ടെന്നും, പി.എസ്.സി. ഇത് പരിഗണിക്കുകയാണെങ്കിൽ അന്തിമ തയ്യാറെടുപ്പുകൾ നടത്തി സമിതി മുമ്പാകെ ഉടനെ ലഭ്യമാക്കാമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കരട് ചട്ടം തയ്യാറാക്കി എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 1.20 -ന് അവസാനിച്ചു.

## 3. 28-12-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ഡിസംബർ മാസം 28-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ ബഹു. സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

<u>ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത അംഗങ്ങൾ</u> :

1. ശ്രീ. എം. സ്വരാജ്, എം.എൽ.എ.

2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.

2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീമതി പാറ്റ്സി സ്റ്റീഫൻ, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

3. ശ്രീമതി ഒ. മീനാകുമാരി അമ്മ, ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

4. ശ്രീ. അനിൽ എൻ. റ്റി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) പി.ഡബ്ല്യൂ.ഡി.

5. ശ്രീ. രവീന്ദ്രൻ ആചാരി കെ., സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പി.ഡബ്ല്യൂ.ഡി.

<u>ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു</u>:

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി , പൊതുവിദ്യാഭ്യാസ വകുപ്പ്.

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019 കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ചുള്ള കുറിപ്പ്, എസ്.ആർ.ഒ.-കളുടെ സാധൂകരണം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ ലഭ്യമായ കാലതാമസ പത്രികകളുടെ പരിഗണന എന്നീ ഇനങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. കരട് ചട്ടം

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019

[ഫയൽ നമ്പർ 5047/സബ്.സി.ഇ 1/2019/നി.സെ.]

ഹയർ സെക്കണ്ടറി സ്കൂളുകളിലെ സബോർഡിനേറ്റ് സർവ്വീസസിലെ ബൈ-ട്രാൻസ്ഫർ നിയമനങ്ങൾ പി.എസ്.സി. മുഖേന ആണോ ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ മുഖേന ആണോ നടത്തേണ്ടത് എന്ന വിഷയത്തിൽ തീരുമാനം എടുക്കേണ്ടതുണ്ടെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിടും എന്നതിനാൽ D.G.E.-യ്ക്ക് ഡി.പി.സി. കൂടി നിയമനം നടത്തുന്നതിൽ തീരുമാനം എടുക്കാമോ എന്നത് സംബന്ധിച്ച് സമിതിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടി സ്വീകരിക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അറിയിച്ചു.

28-12-2020 വരെയുള്ള ഒഴിവുകളിൽ D.G.E.-യ്ക്ക് ബൈ-ട്രാൻസ്ഫർ മുഖേന നിയമനം നടത്താവുന്നതാണെന്നും 28-12-2020-ന് ശേഷം സംജാതമാകുന്ന ഒഴിവുകളിൽ ബൈ-ട്രാൻസ്ഫർ നിയമനം നടത്തുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി തീരുമാനിച്ചു.

പ്രസ്തുത ഭേദഗതി ഉൾപ്പെടുത്തിയ കരട് ചട്ടം ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

II. എസ്.ആർ.ഒ.കളുടെ സാധൂകരണം

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 433/2019, 571/2019, 572/2019, 573/2019, 626/2019 എന്നീ എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 4172/സബ്.സി.ഇ 1/2020/നി.സെ.]

(റഫറൻസ് നമ്പർ 1-12-2020, 21-12-2020 തീയതികളിലെ പൊ.വി.വ.-ജെ4/9/2020/പൊ.വി.വ., നമ്പർ കത്ത്)

## III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) തുടർനടപടികൾ സംബന്ധിച്ച്

[ഫയൽ നമ്പർ3412/സബ്.സി.ഇ 1/2015/നി.സെ.]

37, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 20-11-2020-ലെ ജെ1/291/16/ഉ.വി.വ.)

(2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18) തുടർനടപടികൾ സംബന്ധിച്ച്

[ഫയൽ നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.]

41, 56, 57, 73, 81 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 24-1-2020-ലെ ജെ3/184/2017/ഉ.വി.വ.)

(റഫറൻസ് നമ്പർ 23-11-2020-ലെ ജെ1/46/2020/ഉ.വി.വ.)

(റഫറൻസ് നമ്പർ 5-11-2020-ലെ ജെ1/175/2017/ഉ.വി.വ.)

(റഫറൻസ് നമ്പർ 5-11-2020-ലെ ജെ1/147/2020/ഉ.വി.വ.)

(റഫറൻസ് നമ്പർ 3-11-2020-ലെ ജെ3/184/2017/ഉ.വി.വ.)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) തുടർനടപടികൾ സംബന്ധിച്ച്

[ഫയൽ നമ്പർ 3340/സബ്.സി.ഇ 1/2019/നി.സെ.]

27-30, 57-62, 63, 77, 38, 42 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും 33, 39, 64-67, 76, എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 17-8-2020-ലെ ജെ1/282/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 30-7-2020-ലെ ജെ1/281/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 30-7-2020-ലെ ജെ1/284/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 21-7-2020-ലെ സി1/187/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 27-7-2020-ലെ ജെ3/232/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 21-7-2020-ലെ സി2/216/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ 30-11-2020-ലെ എ 2/209/2019/ഉ.വി.വ.)

(റഫറൻസ് നമ്പർ HEDN-L1/315/2019-HEDN,തീയതി 6-11-2020, 25-11-2020)

74-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ 19-9-2020, 14-12-2020 എന്നീ തീയതികളിലെ ഇ 3/417/ 2019/പൊ.മ.വ., നമ്പർ കത്ത്.)

4. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട്

[ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.]

തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭ്യമായ 14-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫറൻസ് നമ്പർ ഡി.എ 3/65/2018/ത.സ്വ.ഭ.വ., തീയതി 27-11-2020)

## IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പുകൾ

1. 2019-ലെ ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ആക്ട്- കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

[ഫയൽ നമ്പർ 498/സബ്.സി.ഇ 1/2020/നി.സെ.]

2. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്ടിന്റെ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

[ഫയൽ നമ്പർ 794/സബ്.സി.ഇ 1/2020/നി.സെ.]

2019-ലെ The University Laws (Amendment) Act പ്രാവർത്തികമാക്കേണ്ടത് യൂണിവേഴ്സിറ്റിയാണെന്നും, സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ എന്നിവരുടെ കാലാവധി നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പ്രകാരം എല്ലാ സർവ്വകലാശാലകളും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്നും ഇത് വകുപ്പ് തലത്തിലുള്ള വീഴ്ച ആണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. യൂണിവേഴ്സിറ്റികൾ ചട്ടങ്ങൾ ഭേദഗതി ചെയ്യാത്തത് കൊണ്ടാണ് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്തതെന്നും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു മാസത്തിനുള്ളിൽ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ കർശനമായി ആവശ്യപ്പെടുന്നതാണെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അമെന്റ്മെന്റ് ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടുകളിലാണോ റഗുലേഷനുകളിലാണോ ചട്ടങ്ങളിലാണോ അമെന്റ്മെന്റ് കൊണ്ടുവരേണ്ടതെന്നത് സംബന്ധിച്ച് വ്യക്തത ആവശ്യമാണെന്നും, യൂണിവേഴ്സിറ്റി ലാസ് ഫസ്റ്റ് അമെന്റ്മെന്റ് ആക്ടിനകത്ത് പറയുന്നത് സ്റ്റാറ്റ്യൂട്ടുകളിലും മലയാളം സർവ്വകലാശാല ആക്ടിനകത്ത് പറയുന്നത് റഗുലേഷനിലുമാണെന്നാണ്. ഇത് ചട്ടങ്ങൾ ആയി കൊണ്ടുവരേണ്ടതുണ്ടോ എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറി അഭിപ്രായപ്പെട്ടു.

റഗുലേഷൻസിൽ കൊണ്ടുവരേണ്ടതുണ്ടോ എന്നുള്ളത് പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) ശിപാർശകളിന്മേലുള്ള നടപടി പത്രിക ലഭ്യമാക്കാത്തത് സംബന്ധിച്ച്

[ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.]

49, 58, 60, 63-66, 68, 69, 90-92, 136 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികയും 84-87 എന്നീ ഖണ്ഡികളിലെ ശിപാർശകളിന്മേലുള്ള അധികവിവരം സംബന്ധിച്ച നടപടി പത്രികയും ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

തദവസരത്തിൽ 136-ാം ഖണ്ഡികയിലെ ശിപാർശ കായികയുവജനകാര്യ വകുപ്പിലേക്കാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അയച്ചു കൊടുത്തതെന്നും, കായിക വിദ്യാഭ്യാസ കോളേജ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആയതുകൊണ്ട് അവർ തിരിച്ചയച്ചുവെന്നും, ടി ഖണ്ഡികയിന്മേലുള്ള ശിപാർശ നിയമസഭാ സെക്രട്ടേറിയറ്റിൽ

നിന്നും ഫെബ്രുവരി മാസത്തിനുമുമ്പ് അയച്ചിട്ടുണ്ടെന്നാണ് പറയുന്നതെന്നും, പക്ഷേ അത് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത ഖണ്ഡികയിലെ റിപ്പോർട്ട് ലഭ്യമാക്കാൻ രണ്ടാഴ്ച സമയം വേണമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

കായികയുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രിക 1-10-2019-ലെ യോഗത്തിൽ പരിഗണിച്ച വേളയിൽ 136-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ആരായുന്നതിന് സമിതി നിർദ്ദേശിച്ചിരുന്നുവെന്നും തുടർന്ന് 19-11-2019, 13-2-2020, 11-6-2020, 18-9-2020, 9-12-2020 എന്നീ തീയതികളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കത്ത് അയച്ചിട്ടുണ്ടായിരുന്നുവെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി നൽകാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

49, 58, 60, 63-66, 68, 69, 90-92 എന്നീ ഖണ്ഡികളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക ലഭ്യമായിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സൂചിപ്പിച്ച വേളയിൽ പ്രസ്തുത നടപടി പത്രികകൾ ലഭ്യമാക്കാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു]

79-82, 88 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 28-12-2020-ന് ലഭ്യമാക്കിയെങ്കിലും കാലതാമസ പത്രിക ലഭ്യമാക്കിയിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

കാലതാമസ പത്രിക ഉടനെ ലഭ്യമാക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## V വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ ലഭ്യമായ കാലതാമസ പത്രികകളുടെ പരിഗണന

(1) സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയതിന് കാലതാമസം നേരിട്ടതു സംബന്ധിച്ച വിശദീകരണ പത്രിക

[ഫയൽ നമ്പർ247/സബ്.സി.ഇ 1/2020/നി.സെ.]

അംഗീകരിച്ചു.

(റഫറൻസ് നമ്പർ 16-11-2020-ലെ എഫ്.ആർ.ഒ/5/2020/പ്ലാനിംഗ് നമ്പർ കത്ത്)

(2) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതു സംബന്ധിച്ച വിശദീകരണ പത്രിക

[ഫയൽ നമ്പർ 86/സബ്.സി.ഇ 1/2019/നി.സെ.]

അംഗീകരിച്ചു.

(റഫറൻസ് നമ്പർ 3-11-2020-ലെ പി.143/2019/ഉ.വി.വ. നമ്പർ കത്ത്)

3. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതു സംബന്ധിച്ച വിശദീകരണ പത്രിക

[ഫയൽ നമ്പർ 86/സബ്.സി.ഇ 1/2019/നി.സെ.]

അംഗീകരിച്ചു.

(റഫറൻസ് നമ്പർ 11-11-2020-ലെ 3520149/പി2/19/പൊ.വി.വ. നമ്പർ കത്ത്)

യോഗം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് പിരിഞ്ഞു.

## 4. 18-1-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ജനുവരി 18-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 5.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലും, താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. പി. ജെ. ജോസഫ്
3. ശ്രീ. ആർ. രാജേഷ്
4. ശ്രീ. റ്റി. വി. രാജേഷ്
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. എം. സ്വരാജ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. സാദിക്ക്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി ഷൈല പി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>1-ാം ഖണ്ഡം</u>

1-ാം ഖണ്ഡം (1) ാം ഉപഖണ്ഡത്തിൽ " ശ്രീ നാരായണ ഗുരു " എന്നീ വാക്കുകൾക്ക പകരം " ശ്രീനാരായണഗുരു " എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>2-ാം ഖണ്ഡം</u>

2-ാം ഖണ്ഡം,—

(i) (ഇനംഡ് ബി) ഉപഖണ്ഡത്തിൽ " ശ്രീ നാരായണഗുരു" എന്നീ വാക്കുകൾക്ക പകരം " ശ്രീനാരായണഗുരു" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii)(ഇനംഡ് സി) ഉപഖണ്ഡത്തിൽ "ശ്രീ നാരായണഗുരു" എന്നീ വാക്കുകൾക്ക പകരം " ശ്രീനാരായണഗുരു" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>3-ാം ഖണ്ഡം</u>

3-ാം ഖണ്ഡം (i) ാം ഉപഖണ്ഡത്തിൽ " ശ്രീ നാരായണഗുരു " എന്നീ വാക്കുകൾക്ക പകരം " ശ്രീനാരായണഗുരു " എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>6-ാം ഖണ്ഡം</u>

(i) 6-ാം ഖണ്ഡം (xvii) - ാം ഇനത്തിൽ " സംസ്ഥാന സർക്കാരിന്റെയും" എന്നീ വാക്കുകൾക്ക പകരം " സർക്കാരിന്റെയും " എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) നിലവിലുള്ള (xxvii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"(xxvii) വിദ്യാർത്ഥികൾക്കായി കലാ-കായിക മേളകൾ സംഘടിപ്പിക്കുക"

(iii) അപ്രകാരം (xxvii) ഇനം ചേർത്ത ശേഷം നിലവിലുള്ള (xxvii), (xxviii) എന്നീ ഇനങ്ങൾ യഥാക്രമം (xxviii), (xxix) എന്ന് പുനരക്കം ചെയ്യേണ്ടതാണ്.

<u>10-ാം ഖണ്ഡം</u>

10-ാം ഖണ്ഡത്തിലെ മാർജിനൽ ശീർഷകത്തിലും വകുപ്പിലും "യൂണിവേഴ്സിറ്റിയിലെ " എന്ന വാക്കിനു പകരം "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>11-ാം ഖണ്ഡം</u>

11-ാം ഖണ്ഡം,—

(i) (4)-ാം ഉപഖണ്ഡത്തിൽ "അറുപത്തിയഞ്ച്" എന്ന വാക്കിനു പകരം "അറുപത്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (6)-ാം ഉപഖണ്ഡത്തിൽ "സർക്കാർ ശിപാർശ ചെയ്യുന്ന," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "സംസ്ഥാന നിയമം മൂലം സ്ഥാപിതമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതും "ഏറ്റവും സീനിയറായ" എന്നീ വാക്കുകൾക്കു പകരം "ഈ യൂണിവേഴ്സിറ്റിയിലെ" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

<u>12- ാം ഖണ്ഡം</u>

12-ാം ഖണ്ഡം,—

(i) (13)-ാം ഉപഖണ്ഡത്തിൽ "ഈ ആക്റ്റിൻ കീഴിലോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ" എന്നീ വാക്കുകൾക്കു പകരം "ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടായിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii)(14)-ാം ഉപഖണ്ഡത്തിൽ "ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളും പ്രകാരം" എന്ന വാക്കുകൾക്കു പകരം "ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>13-ാം ഖണ്ഡം</u>

13-ാം ഖണ്ഡം (5) ാം ഉപഖണ്ഡത്തിൽ "അധികാരങ്ങളും" എന്ന വാക്കിന് ശേഷം "കടമകളും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

14-ാം ഖണ്ഡം

14-ാം ഖണ്ഡം (8) ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്. അതായത്,—

"(8) രജിസ്ട്രാർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്."

15-ാം ഖണ്ഡം

15-ാം ഖണ്ഡം (4)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,—

"(4) ഫൈനാൻസ് ഓഫീസർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്."

16-ാം ഖണ്ഡം

16-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,—

"(3) പരീക്ഷാ കൺട്രോളർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്."

17-ാം ഖണ്ഡം

17-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,—

"(3) സൈബർ കൺട്രോളർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്."

21-ാം ഖണ്ഡം

21-ാം ഖണ്ഡം,—

(i) "സെനറ്റ്" എന്ന മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്നീ ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്.

(ii) (ix)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്,—

"(ix) സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് അല്ലെങ്കിൽ സിൻഡിക്കേറ്റിന് സമാനമായ നികായം നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം വീതം;"

(iii) (x)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്,—

"(x) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;"

(iv) (xvi)-ാം ഇനത്തിൽ "മേധാവി" എന്ന വാക്കിനു പകരം "മേധാവികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

25-ാം ഖണ്ഡം

(i) " എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിനു കീഴിൽ (iv) ഇനത്തിന് ശേഷം താഴെപ്പറയുന്ന ശീർഷകവും ഇനവും ചേർക്കേണ്ടതാണ്.

"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ"

നിയമസഭാ സാമാജികർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം".

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"(iii) യൂണിവേഴ്സിറ്റിയിലെ രജിസ്റ്റേർഡ് വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി".

28-ാം ഖണ്ഡം

28-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം (v)-ാം ഇനത്തിൽ "സംസ്ഥാന" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

29-ാം ഖണ്ഡം

29-ാം ഖണ്ഡം (2)ാം ഉപഖണ്ഡം "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (iv)-ാം ഇനത്തിൽ "ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ സിൻഡിക്കേറ്റ്" എന്നീ വാക്കുകൾക്കു പകരം "കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

41-ാം ഖണ്ഡം

41-ാം ഖണ്ഡം (2) ാം ഉപഖണ്ഡത്തിലെ,—

(i) (iv)-ാം ഇനം വിട്ടുകളയേണ്ടതും (v) മുതൽ (x) വരെയുള്ള ഇനങ്ങൾ (iv) മുതൽ (ix) വരെയുള്ള ഇനങ്ങളായി പുനരക്കം ചെയ്യേണ്ടതുമാണ്.

(ii) അപ്രകാരം പുനരക്കമിട്ട ശേഷം (viii)- ാം ഇനത്തിൽ "പോളിസി സ്റ്റഡീസ്" എന്നീ വാക്കുകൾക്കു പകരം "പോളിസി റിസർച്ച്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>46-ാം ഖണ്ഡം</u>

46-ാം ഖണ്ഡം (i)-ാം ഉപഖണ്ഡത്തിൽ "യൂണിവേഴ്സിറ്റികൾക്ക്" എന്ന വാക്കിനു പകരം "യൂണിവേഴ്സിറ്റിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>53-ാം ഖണ്ഡം</u>

53-ാം ഖണ്ഡം (i)-ാം ഉപഖണ്ഡം (iii)- ാം ഇനത്തിൽ "മറ്റ് യൂണിവേഴ്സിറ്റികളുടെ" എന്ന വാക്കുകൾക്കു പകരം "മറ്റ് സർവ്വകലാശാലകളുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>56-ാം ഖണ്ഡം</u>

56-ാം ഖണ്ഡം (i)-ാം ഉപഖണ്ഡത്തിൽ "ശ്രീ നാരായണഗുരു" എന്നീ വാക്കുകൾക്കു പകരം "ശ്രീനാരായണഗുരു" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>65-ാം ഖണ്ഡം</u>

65-ാം ഖണ്ഡത്തിൽ "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

<u>72-ാം ഖണ്ഡം</u>

72-ാം ഖണ്ഡം (i) ാം ഉപഖണ്ഡത്തിൽ ,—

(i) "മറ്റ് യൂണിവേഴ്സിറ്റി" എന്നീ വാക്കുകൾക്കു പകരം "മറ്റ് സർവ്വകലാശാല" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) "യൂണിവേഴ്സിറ്റി അല്ലാത്ത മറ്റേതൊരു യൂണിവേഴ്സിറ്റിയും" എന്നീ വാക്കുകൾക്കു പകരം "യൂണിവേഴ്സിറ്റി അല്ലാത്ത സംസ്ഥാന നിയമം മൂലം സ്ഥാപിക്കപ്പെട്ട മറ്റേതൊരു സർവ്വകലാശാലയും "എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) ക്ലിപ്തനിബന്ധനയിൽ "യൂണിവേഴ്സിറ്റിയിൽ", "യൂണിവേഴ്സിറ്റിയുടെ" എന്നീ വാക്കുകൾക്കു പകരം യഥാക്രമം "സർവ്വകലാശാലയിൽ", "സർവ്വകലാശാലയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ix) (2)-ാം ഉപഖണ്ഡത്തിൽ "യൂണിവേഴ്സിറ്റിയിലും", "യൂണിവേഴ്സിറ്റിക്ക്, "യൂണിവേഴ്സിറ്റിയുടെ" എന്നീ വാക്കുകൾക്കുപകരം യഥാക്രമം "സർവ്വകലാശാലയിലും", "സർവ്വകലാശാലയ്ക്ക്", "സർവ്വകലാശാലയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

73-ാം ഖണ്ഡം

73-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിൽ "യൂണിവേഴ്സിറ്റിയിൽ", "യൂണിവേഴ്സിറ്റിയുടെ ", "യൂണിവേഴ്സിറ്റിയുമായി" എന്നീ വാക്കുകൾക്കു പകരം യഥാക്രമം "സർവ്വകലാശാലയിൽ", "സർവ്വകലാശാലയുടെ", "സർവ്വകലാശാലയുമായി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. ഷാഫി പറമ്പിൽ എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 6.30 ന് പിരിഞ്ഞു.

## 5. 4-2-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ഫെബ്രുവരി 4-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ഗൂഗിൾ മീറ്റ് മുഖേന ബഹു. സമിതി ചെയർമാനും, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ.എം. സ്വരാജ്, എം. എൽ. എ.
2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എ. ഷാജഹാൻ, സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്. (ഗൂഗിൾ മീറ്റ്)
2. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്. (ഗൂഗിൾ മീറ്റ്)
3. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
5. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

സമിതി Kerala General Education [District Institute of Education and Training] State Service Special Rules, 2020 - എന്ന കരട് ചട്ടവും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രികകളും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. കരട് ചട്ടം**

Kerala General Education [ District Institute of Education and Training] State Service Special Rules , 2020.

(ഫയൽ നമ്പർ 1283/സബ്. സി. ഇ 1/2021/നി.സെ.)

ടി കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

[റഫറൻസ് നമ്പർ 30706/ഡി3/2015/പൊ.വി.വ. തീയതി 18-1-2021]

**II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ**

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)- തുടർ നടപടികൾ സംബന്ധിച്ച്

[ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.]

79-82, 88 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും, കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[റഫറൻസ് നമ്പർ 28-12-2020-ലെ 2420731/പി2/19/പൊ. വി. നമ്പർ കത്ത്.]

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) തുടർ നടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 3340/സബ്. സി. ഇ 1/2019/നി.സെ.)

35, 37, 40, 41, 44, 45, 68-72, 73, 75 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും, കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

[റഫറൻസ് നമ്പർ ജി2/226/2019/ഉ.വി.വ., തീയതി 4-12-2020, 8-1-2021]

[റഫറൻസ് നമ്പർ ജി3/233/2019/ഉ.വി.വ., തീയതി 1-9-2020, 24-12-2020]

78, 80-117 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികയും, കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

[റഫറൻസ് നമ്പർ 103/എ 3/2019/സാം.കാ.വ., തീയതി 4-11-2020, 29-12-2020].

**III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള ഫയലുകൾ**

(i) ചട്ടം 235(എ) പ്രകാരം യോഗം ചേരുന്നത് സംബന്ധിച്ച് [ഹൈടെക്ക് സ്കൂൾ പദ്ധതി - വിഷയം ചർച്ച ചെയ്യുന്നതിന്]

(ഫയൽ നമ്പർ 4264/ സബ്.സി.ഇ 1/2019/നി.സെ. വാല്യം I & II )

(ii) കണ്ണൂർ ജില്ലാ സന്ദർശനം സംബന്ധിച്ച്

(ഫയൽ നമ്പർ 7006/സബ്.സി.ഇ 1/2019/നി.സെ. വാല്യം I & II)

സമിതി ഹൈടെക്ക് സ്കൂൾ പദ്ധതി സംബന്ധിച്ച് ചട്ടം 235 (എ) പ്രകാരം ചർച്ച നടത്തുകയും തുടർന്ന് 6-1-2020-ന് മാടായി ഗവ. ബോയ്സ് ഹയർസെക്കന്ററി സ്കൂൾ സന്ദർശിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ട്രൈബൽ സ്കൂളുകൾ സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചിരുന്നെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സന്ദർശനം നടത്തുവാൻ സാധിച്ചില്ല. സമിതിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പ്രസ്തുത ഫയലുകളിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

യോഗം 2.30 ന് പിരിഞ്ഞു.

---